
little KITEs
KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION
VANIAMKULAM
T.R.K
Higher Secondary School
Vaniyumkulam
മഴവില്ല് തേടിയ പട്ടങ്ങൾ കണ്ടത്....
ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്
ടി.ആർ.കെ ഹയർ
സെക്കന്ററി സ്ക്കൂൾ, വാണിയംകുളം




**Prepared by** : ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്
ടി ആർ കെ ഹയർ സെക്കന്ററി സ്കൂൾ, വാണിയംകുളം

**email** : trkhsvkm@gmail.com, littlekites20024@gmail.com

**Phone** : 0466-2227215

**Type setting** : ലിറ്റിൽ കൈറ്റ്സ്, ടി ആർ കെ
**Layout** : Anoop K R, KITE MASTER, TRK
**Printed at** : Made as Digital Magazine
**First Edition** : 2019
**Supported by** : KITE, PALAKKAD, Government of Kerala

©ടി ആർ കെ ഹയർ സെക്കന്ററി സ്കൂൾ, വാണിയംകുളം

# മഴവില്ല് തേടിയ പട്ടങ്ങൾ കണ്ടത്....

**മു**ങ്ങിപ്പോകുന്ന പാഴ്മരങ്ങളും
മുഷിഞ്ഞ മുഖങ്ങളുള്ള തുറമുഖങ്ങളും
കടന്ന് കാറ്റ് കരയിലേക്ക വരുന്നത്
വെയിലിന്റെ ചെരുവുകളിൽ
പുളച്ചുകളിക്കാനാണ്...
കൈയ്യിലെ നിറനാരുകളെ തുടുപ്പിക്കാനാണ് ...
പക്ഷെ ...
ഈ കാഴ്ചകൾ ഭൂമിയുടെ ഇടുക്കുകൾക്ക്
അന്യമാണ് ...
അതുകൊണ്ടാണ് നമ്മൾ പട്ടങ്ങൾ പറത്തുന്നത്...
വലിയ കണ്ണുകളുള്ളവ
വാലിൽ കാറ്റിനെ കുരുക്കിയിടുന്നവ
വിരൽത്തുമ്പിന്റെ ചെറുചലനത്തിൽ
കാഴ്ചയുടെ പാളികളെ തുറന്നിടുന്നവ
**പട്ടങ്ങൾ** പറക്കുകയാണ്....



(അവതാരിക തയ്യാറാക്കിയത് :- സി എം രഞ്ജിത്ത് മാഷ്)

# സന്ദേശങ്ങൾ, ആശംസകൾ

ഹൃദയങ്ങൾ തമ്മിലുള്ള കളങ്കമില്ലാത്ത ഒത്തൊരുമയുടെയും നിഷ്കളങ്കമായ വിട്ടുവീഴ്ചകളിലൂടെയുമാണ് ബന്ധങ്ങളും, സൗഹൃദങ്ങളും ജനിക്കുന്നത്. അവയുടെ സർഗാത്മകമായ അവതരണങ്ങളാണ് കഥകളും, കവിതകളും ചിത്രങ്ങളും എല്ലാം...അതിന് അതിരുകളോ മാനദണ്ഡങ്ങളോ ഇല്ല...ടി ആർ കെ ലിറ്റിൽ കൈറ്റ്സ് ടീം ഒരുക്കുന്ന മഴവില്ല് തേടിയ പട്ടങ്ങൾ കണ്ടത്....ഡിജിറ്റൽ മാഗസിന് എല്ലാ ഭാവുകങ്ങളും നേരുന്നു...

**നിർമ്മല ജോർജ്**
ഹെഡ്മിസ്ട്രസ് ,
ടി ആർ കെ സ്കൂൾ വാണിയംകുളം

Education is an unending life long process. It begins when one enters the stage of life and lasts forever. I am extremely sanguine about the LITTLE KITES of T. R. K. H. S. S. which has offered itself as a shell for sheltering and fostering human minds in their raw state, to be matured into empowered innovators ,inversionists and discoverers. The need of the hour is to impart the latest educational technology down the hemline. I am happy that the sagacious students of the Little kites has extended their wings to enrich and unfold the hidden talents of the students. I wish them the best on their journey to achieve the goal. May you reach the rainbows you wish for. I also thank all the good hearts behind the curtain.

Thank you.

**P Jagadheesh**
Deputy Head Master
TRKHSS, Vaniyamkulam



# ആകാശം
# കാണാൻ കൊതിച്ച
# മഷിപ്പീലികൾ



ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് ടി ആർ കെ ഹയർ സെക്കന്ററി സ്കൂൾ, വാണിയംകുളം

# ആകാശം കാണാൻ കൊതിച്ച മഷിപ്പീലികൾ


1. അമ്മയില്ലാത്ത വീട് — മുഹ്സിന എ
2. തിരുത്ത് — ത്വാഹിറ ഷിറിൻ
3. നരിയായ ജീവിതം — ഗോപിക സി
4. മഴയച്ഛൻ — ത്വാഹിറ ഷിറിൻ
5. ഞങ്ങൾക്കെന്തുചെയ്യാനാവും — നിരഞ്ജൻ കൃഷ്ണ പി ആർ
6. കേരളം വർത്തമാനകാല വീക്ഷണത്തിലൂടെ... — ഗോകുൽവിനായക്
7. മഴ നനഞ്ഞ ആ പ്രേമകഥ — വിഷ്ണു സുരേഷ്
8. *പാഠം-ഒന്ന് പ്രകൃതി* — *അബിയ ക്രിസ്പസ്*
9. *മിന്നാമിന്നി* — *ആര്യനന്ദ സി*
10. *പ്രഭാതം* — *ആര്യനന്ദ സി*
11. *ക്ലാസ്സ്മുറികൾ ഹൈടെക് വത്ക്കരിക്കുമ്പോൾ - വിദ്യാഭ്യാസത്തിന്റെ ഭാവി* — *ജിദ്ദേന്ദർ കൃഷ്ണ*
12. *PERMANENCE* — *Niranjan Krishna P R*

കവിത

# അമ്മയില്ലാത്ത വീട്



**അ**മ്മയില്ലാത്ത ആ വീട്
നന്മയില്ലാത്ത വീടായ്
സ്നേഹമില്ലാത്ത വീടായ്
വിളക്കുകൾ ഒന്നിച്ചു അണഞ്ഞ വീടായ്

നിലവിളിക്കും ഞാൻ...
കണ്ണീരൊപ്പാനെന്നമ്മ അടുത്ത്
എത്തിടും നേരത്തിനായ്
കാത്തിരിക്കും ഞാൻ
കണ്ണീർ പൊഴിക്കും ഞാൻ
ഒത്തിരി വാത്സല്യചുംബനത്തിനായ്...

എന്ടെ മുന്നിൽ എനിക്കെന്ടെ അമ്മ
പുഞ്ചിരിതൂകി നിൽക്കും സൂര്യനായ്...
കിഴക്ക് ചക്രവാളത്തിൽ നിന്ന്
ഉദിക്കും സൂര്യനെ പോൽ
സന്ധ്യക്ക് വീടിനകത്തമ്മ
ദീപമായ് തെളിഞ്ഞിടും.

എങ്കിൽ,
ഇന്നു എൻ കണ്ണീർ
ധാര ധാരയായി ഒഴുകി ഒഴുകി...
ഒരു സമുദ്രമായ് മാറി...

-മുഹ്സിന. എ

# തിരുത്ത്

കവിത


**മേ**ഘങ്ങളെ കൂട്ടിയെത്തിയ കാറ്റാണ്
മഴയെ പുറത്തു വിട്ടത്,
പുഴയുടെ മരണക്കുറിപ്പിനെ
പ്രത്യാശ കൊണ്ട്
തിരുത്തിയെഴുതാൻ...
മോഷ്ടിക്കപ്പെട്ട പാദസരച്ചിരി
പുഴയ്ക്ക് തിരിച്ചു നൽകുമ്പോൾ
നനച്ചുണർത്തിയ മണ്ണിനോടൊപ്പം
"കുളം കര"കളിക്കുമ്പോൾ
കുന്നിനു മുകളിൽ
കല്ലുകളെ കാൽപന്താക്കി
വികൃതിക്കുട്ടിയാകുമ്പോൾ...
മഴ അറിഞ്ഞു കാണില്ല,
സ്വപ്നങ്ങളെഴുതി വെച്ച
കടലാസുതോണികൾ
മുങ്ങിമരിച്ചത്.
നിഷ്കളങ്കതയുടെ
കളർ പെൻസിലുകൾ
ഒലിച്ചുപോയത്
തൊട്ടറിഞ്ഞപ്പോൾ
മഴ...
ഹൃദയങ്ങളിലേക്ക് പെയ്തിറങ്ങി.
പിടിച്ചുയർത്തിയ കയറിന്റെ
കരുത്തായി,
മുതുകിനെ പാലമാക്കിയ കരുതലായി
തകർന്ന മതിലുകൾക്കിരുപുറവും
ഒറ്റക്കുടക്കീഴിൽ പങ്കുവെച്ച
സ്നേഹക്കുളിരായി...
ഇനിയെങ്കിലും, 'കാലൻ'മഴയെ
"സ്നേഹ മഴ"യെന്ന്
തിരുത്തി വായിക്കണേ...



-ത്വാഹിറ ഷിറിൻ

# നരിയായ ജീവിതം

കവിത



നരകതുല്യമീ മനുഷ്യജീവിതം
പുല്ലായോ പുഴുവായോ ജനിച്ചിരുന്നെങ്കിൽ
ഹാ!എത്ര സുഖം ഈ
മനുഷ്യജീവിതത്തേക്കാൾ
നരിയായ മനുഷ്യന്ടെ കൊടും ക്രൂരതയ്ക്ക്
എന്നു ശമനം മാനവരെ
ചൊല്ലുവിൻ എന്നു ശമനം..

പുച്ഛിച്ചു തള്ളും മനുഷ്യവികാരം
ആദ്യം മാറ്റണം മായ്ക്കണം
മറക്കണം മനുഷ്യൻ അകറ്റണം മനുഷ്യൻ
ഹിംസ എന്ന ആയുധത്തെ...

അമ്മ എന്ന പുണ്യമാം രണ്ടക്ഷരം
മറന്ന മാനവരെ,നീ ഓർക്കണം
സ്ത്രീ എന്ന വ്യക്തിയെ മാതൃത്വത്തെ
മാറ്റൂ മനുഷ്യാ,നിന്നിലെ തെറ്റിനെ...

തെറ്റെന്ന ചെകുത്താനും,ശരിയെന്ന മാലാഖയും
ഏതാണു മനുഷ്യാ ഇതിൽ നിൻ ദൈവം
ചിന്തിക്കുവിൻ പ്രവർത്തിക്കുവിൻ
ഒന്നായ് ഒരുമിച്ച് ശരിയെന്ന് വിശ്വസിച്ച്...



ഗോപിക സി



# മഴയച്ഛൻ

"**മു**ത്തച്ഛാ,വലുതാകുമ്പോൾ ഞാൻ ആരാകണം...?" "നീ മഴയായാൽ മതി ഭൂമിയുടെ ഹൃദയത്തിലേക്ക് കുളിരായി പെയ്തിറങ്ങുന്ന സ്നേഹമഴ". മേഘങ്ങളെ തൊട്ടുനിൽക്കുന്ന കുന്നിനുനതാഴെയുള്ള കൊച്ചുവീട്ടിലിരുന്ന്, പുതിയ പുസ്തകത്തിൻറെ മണത്തോടൊപ്പം മുത്തച്ഛൻ സമ്മാനിച്ച മഷിപ്പേനയെ ചേർത്ത് വച്ച് നന്ദു എഴുതി "എനിക്ക് മഴയാകണം."

ഞാൻ കൂട്ടിച്ചേർത്തു മുത്തശ്ശനെപോലെ... അച്ഛന് മഴയെ പണ്ടേ ഇഷ്ടമായിരുന്നു. പുതിയ വിത്തുകൾ പാകി അച്ഛൻമഴയെ കാത്തിരിക്കും. ഓരോ മഴയും അച്ഛനിൽ കൂടുതൽ ഊർജ്ജം നിറച്ചു അച്ഛനാണ് എന്നെ കടലാസുതോണികൾ ഉണ്ടാക്കാൻ പഠിപ്പിച്ചത്. കളർപെൻസിലുകൾ കൊണ്ട് 'മാലിനി' എന്നെഴുതിയ എത്രകടലാസു തോണികളാണ് ഞങ്ങൾ ഒഴുക്കിവിട്ടത്. പുതുമഴയിൽ കുടയില്ലാതെ നടക്കുന്ന അച്ഛൻറെ പുഞ്ചിരി ജനലിനുള്ളിലൂടെ ഞാൻ ഒളിച്ചു കണ്ടിട്ടുണ്ട്.

സമ്മർ വെക്കേഷന് വീട്ടിൽ വന്നപ്പോൾ അച്ഛൻ നന്ദുവിനും കടലാസ് തോണികൾ ഉണ്ടാക്കാൻ പഠിപ്പിച്ചു. എനിക്കുണ്ടാക്കി തന്ന അതേ തോണികൾ 'മാലിനി' എന്ന പേരിനു പകരം നന്ദു

എന്നെഴുതിയെന്ന് മാത്രം. ഞാൻ വളർന്നിട്ടും അച്ഛനിപ്പോഴും പഴയ വികൃതിക്കുട്ടി തന്നെയാണല്ലോ എന്ന യാഥാർത്ഥ്യം എന്നെ വിസ്മയിപ്പിച്ചു. ജേർണലിസം പഠിക്കാൻ തീരുമാനിച്ചപ്പോൾ എല്ലാവരും എതിർത്തതായിരുന്നു.

"ഇതൊന്നും പെൺകുട്ട്യോൾക്ക് പറഞ്ഞതല്ല". പക്ഷേ, അച്ഛൻ മാത്രമാണ് കൂടെ നിന്നത്. "എന്താ പെൺകുട്ട്യോൾക്ക് രണ്ട് കൊമ്പുണ്ടോ"? ജോലി കിട്ടിയപ്പോൾ എന്നെ കെട്ടിപിടിച്ച് അച്ഛൻ പറഞ്ഞു, "എവിടെയായാലും മാലിനിക്കുട്ടി ആണ്ടു പെയ്യോളണം കേട്ടോ"? വിവാഹദിവസം എൻറെ തലയിൽ തലോടി "ഈ മഴയും കാറ്റും മലയുമൊക്കെയുള്ളപ്പോൾ അച്ഛൻ എങ്ങനെ ഒറ്റക്കാകാനാ..."? എന്ന് പറയുമ്പോൾ ഒരു കണ്ണീർമഴയെ ഞാൻ കാണാതെ ഒളിപ്പിക്കാൻ പാടുപ്പെടുകയായിരുന്നു അച്ഛൻ.

തിരിച്ചു പോകുമ്പോൾ കടലാസുതോണികളെല്ലാം പെറുക്കികൂട്ടി തൻറെ കൊച്ചു നിധി നന്ദു മുത്തശ്ശനെ ഏൽപ്പിച്ചു. "മുത്തച്ഛാ...സൂക്ഷിച്ചു വയ്ക്കണേ.." മഴയെ പ്രണയിച്ച് ജീവൻ അവൾക്ക് നൽകിയ ഫോട്ടോഗ്രാഫറുടെ ചിത്രം ഒളിപ്പിച്ച മരപ്പെട്ടിയിൽ അച്ഛൻ അത് സൂക്ഷിച്ചിട്ടുണ്ടാവണം.

ചാലക്കുടിയിലെ ആദ്യത്തെ ഉരുൾപൊട്ടലിനെ കുറിച്ചുള്ള വാർത്ത വായിച്ചതിനു ശേഷം ഞാൻ അച്ഛനെ വിളിച്ചതാണ്. "ഒന്നുമില്ല പെണ്ണേ... മഴ അച്ഛനെ എന്ത് ചെയ്യാനാ?"

കുറച്ചു ദിവസത്തേക്കെങ്കിലും തിരുവനന്തപുരത്ത് വന്ന് താമസിക്കാമെന്ന് കേണു പറഞ്ഞതുമാണ് "ആ ഫ്ലാറ്റിലൊന്നും മഴയെ അനുഭവിക്കാനാവില്ല. മഴയോട് മിണ്ടാനാവില്ല. അതിന് അവൾ ഫുട്ബോൾ കളിക്കാനെത്തുന്ന ഈ കുന്നിനു ചുവട്ടിൽ തന്നെയിരിക്കണം. പിന്നേയ്.. നീ ടിവിയിൽ ഉറക്കേ പറയുന്നുണ്ടല്ലോ...? ദുരിതമഴ കണ്ണീർമഴ.... എന്നൊക്കെ? മഴയെ ഇങ്ങനെ കുറ്റം പറയരുത്ട്ടോ... മഴ വന്നതേയ്... പുഴക്ക് പാദസരച്ചിരി തിരിച്ചു നൽകാനാ"... കാൾ കട്ടായി. പിന്നെ എത്ര വിളിച്ചിട്ടും കിട്ടിയില്ല.

ബിൽഡിങ് സെറ്റ് നിരത്തി കളിക്കുകയായിരുന്ന നന്ദു എന്തോ

ഓർമയിൽ ചോദിച്ചു. "അമ്മേ നമുക്ക് ചാലക്കുടിയിലേക്ക് പോകണ്ടേ? മുത്തശ്ശൻ കടലാസുതോണികളുമായി കാത്തിരിപ്പുണ്ടാകും" ഞാനവനെ വാരിപുണർന്നു. കണ്ണീരു കൊണ്ട് നനച്ചു. മനോജ് എൻറെ കണ്ണീർ തുടച്ചു." ധൈര്യമായിരിക്ക്. രക്ഷാപ്രവർത്തകരെ അറിയിച്ചിട്ടുണ്ടല്ലോ..."? സ്റ്റുഡിയോയിലേക്ക് കയറുന്നതിനു മുമ്പും അച്ഛന്റെ വാക്കുകൾ മനസ്സിനെ കുത്തിനോവിച്ചു.

"ഒന്നുമില്ല പെണ്ണേ...മഴ അച്ഛനെ എന്ത് ചെയ്യാനാ..."? ഇടവേളയിൽ ന്യൂസ് എഡിറ്റർ തന്ന ഇപ്പോൾ കിട്ടിയ വാർത്ത എൻറെ കണ്ണുകളിലേക്ക് മലവെള്ളപ്പാച്ചിൽ പോലെ ഇരച്ചു കയറി. നന്ദുവിൻറെ മുങ്ങിമരിച്ച തോണികൾക്കൊപ്പം 'സ്നേഹ'മെന്നെഴുതിയ ഒരു കടലാസുതോണി ഓർമകളിലേക്ക് ഒഴുകി മറയുന്നത് ഞാൻ അറിഞ്ഞു. ഇടറലൊതുക്കി, തൊണ്ടശരിയാക്കി ഞാൻ തുടർന്നു... ..

ഇപ്പോൾ കിട്ടിയ വാർത്ത......

-ത്വാഹിറ ഷിറിൻ



കവിത

# ഞങ്ങൾക്കെന്തു ചെയ്യാനാകും

**മ**ണ്ണിന്റെയും വിത്തിന്റെയും
വിളി കേട്ട് പുതുമഴ പെയ്തിറങ്ങി
വേനലിനെ പുറത്താക്കി
മഴ മാനം കിഴടക്കി വിണ്ടുപൊട്ടിയ ഭൂമിക്കു
മുറിവുണക്കാൻ മരുന്നായി
മഴവെള്ളം ഒലിച്ചിറങ്ങി
ക്ഷിണം ബാധിച്ച കതിരുകൾക്കു
ഉന്മേഷത്തിനും കുളിരേകി
കാറുകൾ അലിഞ്ഞിറങ്ങി
ഉള്ളു കഴുകി വൃത്തിയാക്കി
മനസ്സിൽ നിന്നും മഴ ഇറങ്ങിപ്പോയി
വരണ്ട മണ്ണിനെ ഒന്ന് നനച്ചു
മഴ ഇറങ്ങിപ്പോയി
ഞങ്ങൾ കാത്തിരുന്ന് .
ഏപ്രിലിലെ വെയിലിനായി
ജൂണിലേ കാലവർഷത്തിനായി
ഞങ്ങൾക്കെന്തു ചെയ്യാനാവും?.





നിരഞ്ജൻ കൃഷ്ണ .പി ആർ

ലേഖനം

# കേരളം വർത്തമാനകാല വീക്ഷണത്തിലൂടെ...



**വ**ർത്തമാനകാല കേരളമെന്നത് അനന്തസാധ്യതകൾ തുറന്നു നൽകുന്ന ഒരു കവാടമായാണ് ഇപ്പോൾ കാണുന്നത്. ചരിത്രവുമായി ഏറെ ബന്ധമുണ്ട് കേരളത്തിന്. സംഘകാലത്തെ പഴന്തമിഴുപാട്ടുകളിൽ കേരളത്തെ കുറിച്ച് പരാമർശമുണ്ട്.ശക്തൻ തമ്പുരാനെപ്പോലത്തെ ശക്തരായ ഭരണാധികാരികളും കെ കേളപ്പൻ പോലെയുള്ള നല്ല സ്വാതന്ത്ര്യസമര സേനാനികളും വടക്കുംനാഥനും ശ്രീപദ്മനാഭസ്വാമീക്ഷേത്രവും ചേർന്നൊരു വ്യക്തമായ സംസ്കാരം തന്നെ നമുക്കുണ്ട്. എല്ലാത്തിലും നാമൊരു പൊതുസ്വഭാവം പുലർത്തുന്നത് നമ്മുടെ സമാനസംസ്കാരത്തിനുള്ള കാരണമാകാം. കൂടാതെ വിദ്യാഭ്യാസം ഇതിലൊരു പങ്കു വഹിക്കുന്നുമുണ്ട്.

പല പ്രശ്നങ്ങളും കേരളം സഹിക്കുന്നുണ്ടെങ്കിലും ജനാധിപത്യം ഇവിടെസക്തമായി നിലനിൽക്കുന്നു. ഇനി കേരളത്തിന് ഇപ്പോഴുള്ള നേട്ടങ്ങളെയും കോട്ടങ്ങളെയും കുറിച്ച് ചിന്തിക്കാം.

ഭാഷ ഇന്നേറെ ബുദ്ധിമുട്ടനുഭവിക്കുന്നുണ്ട്. അത് സത്യത്തിൽ അതിന്റെ മൂലസംസ്കാരം വെടിയുകയാണെന്നും പറയാം. ആംഗലേയഭാഷയുടെ അമിത കടന്നുകയറ്റം നമ്മുടെ ഭാഷയെ കാര്യമായി ബാധിക്കുന്നുണ്ട്. നമ്മുടെ ഭാഷക്ക് 2013 ഇൽ ശ്രേഷ്ഠഭാഷാപദവി ലഭിച്ചതാണ്. എങ്കിലും അതിന്റേതായ ഒരു പരിഗണന അതിനു ലഭിക്കുന്നില്ല തുഞ്ചത്തെഴുത്തച്ഛൻ മുതൽ സച്ചിദാനന്ദൻ വരെയുള്ള കവികൽമലയാളഭാഷാവളർച്ചയിൽ സരമായപങ്ക് വഹിച്ചിട്ടുണ്ട്. സാഹിത്യപ്രസ്ഥാനം ഇന്ന് വളർച്ച

പ്രാപിക്കുന്നുണ്ട്. സാഹിത്യ അക്കാദമി പോലെയുള്ള സാഹിത്യത്തെ പ്രോത്സാഹിപ്പിക്കുന്നുണ്ടെങ്കിലുംഅവ ആകെ ജനങ്ങളിലേക്കെത്തുന്നില്ല. മാത്രമല്ല, നമ്മുടെ സാഹിത്യ _ സംഗീത പ്രസ്ഥാനങ്ങൾ പാശ്ചാത്യരീതിയിലേക്കു മാറുകയാണ്.

വൃദ്ധരോടുള്ളആഭിമുഖ്യവും കേരളത്തിൽ വളരെ മോശമായാണ് വളർന്നു വരുന്നത്. തങ്ങളെവളർത്തിവലുതാക്കിയാ ച്ഛനമ്മമാരോട് വെച്ചുപുലർത്തുന്ന നമ്മുടെമനോഭാവവും ആദ്യം മാറ്റണം വൃദ്ധസദനങ്ങൾ കേരളത്തിൽ കൂടി വരുന്നത് ആശങ്ക ജനിപ്പിക്കുന്നു. കേരളീയസംസ്കാരം തന്നെയാണ് ഇതിലൂടെ തകർന്നടിയുന്ന. മുത്തച്ഛന്മാരുടെയും മുത്തശ്ശിമാരുടെയും കൂടെയിരുന്ന് കഥ കേൾക്കുന്ന കുട്ടികൾ കഥകളിൽ മാത്രമായിരിക്കുന്നു. സംസ്കാരത്തിന് തുടക്കം കുറിക്കുന്നത് തന്നെ മാതാപിതാക്കളിൽ നിന്നാണെന്ന ചിന്ത നമ്മിൽ നിന്നു മായുകയാണോ?

ശാസ്ത്രരംഗത്തു നാം വളെയദികം പുരോഗതി പ്രാപിക്കുകയാണ്. മെട്രോറെയിൽ ഇതിന് ഉദാഹരണമാണ്. കുസാറ് വിജ്ഞാൻ സാറി തുടങ്ങിയ സ്ഥാപനങ്ങളും ശാസ്ത്രത്തിനോടുള്ള സ്നേഹവും മറ്റു സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തെ വ്യത്യസ്ഥമാകുന്നു. ശാസ്ത്രസാങ്കേതിക വിദ്യ പുരോഗതി പ്രാപിക്കുന്നതിലൂടെ ഓതാം സംസ്ഥാനത്തിന്റെ വികസനം സാധ്യമാകുന്നു. ഭാവിയിൽ കേരളത്തിന്റെ വികസനത്തിന് ഇത് പ്രധാന പങ്കു വഹിക്കുമെന്നുറപ്പാണ്.

വിദ്യാഭ്യാസരംഗത്തും കേരളം അഭിനന്ദനാർഹമായ പുരോഗതി പ്രാപിക്കുന്നുണ്ട്. പൊതുവിദ്യാഭ്യാസസംരക്ഷണയജ്ഞം ഇതിൽ വലിയ പങ്കുവഹിക്കുന്നുണ്ട്. ഐ ടി @ സ്കൂളിന്റെ നേതൃത്വത്തിൽ സ്കൂളുകൾ ഹൈടെക് ആക്കാനുള്ള വലിയ ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ഇത് ഒരു നാഴികക്കല്ലാണ്. വിദ്യാഭ്യാസപുരോഗതി സാക്ഷരതയിലേക്കു നയിക്കുന്നു .തുല്യ പരീക്ഷ സാധാരണക്കാർക്കും എല്ലാവര്ക്കും വിദ്യാഭ്യാസത്തിന്റെ ഗുണമെത്തിക്കാൻ സഹായകമാണ്. ഉന്നൈസ്റ്റ് വിദ്യാഭ്യാസം ഒരു ആഡംബരമായി കണ്ട ജനത ഇന്ന് അതിൽനിന്നു വേർപ്പെട്ടു പോകാൻ

തുടങ്ങിയിരിക്കുന്നു.

ഭാവിയിൽ ഈ രംഗത്ത് നാം വാനോളമുയരും .ആരോഗ്യരംഗത്തു കേരളം കൈവരിച്ച പുരോഗതിക്കു തെളിവാണ് നിപക്കെതിരായ പ്രതിരോധം. ആശുപത്രികളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് ശരിയായ ആരോഗ്യാവബോധമില്ലായ്മയെ സ്പഷ്ടമായി ചൂണ്ടിക്കാട്ടുന്നു. ജീവിതശൈലീരോഗങ്ങളും കേരളത്തിൽ വർധിച്ചു വരുന്നു. ഭക്ഷണത്തിൽ മായം കലരുന്നതും വളരെയധികം പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. കുഞ്ഞുങ്ങൾ മുതൽ വൃദ്ധർ വരെ കഴിക്കുന്ന ഭക്ഷണത്തിലെ മായത്തിന്റെ അളവ് ഭയാശങ്കയുളവാക്കു ന്നു.ഈ കച്ചവടതന്ത്രം ഒരിക്കലും അംഗീകരിക്കാനാവില്ല. അത് തികച്ചും അരോചകമാണ് സമൂഹം ഇതിനെതിരെ പ്രതികരിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

ദൈവത്തിന്റെ സ്വന്തം നാടായ കേരളം ഇന്ന് ഒട്ടേറെ പാരിസ്ഥിതികപ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നുണ്ട്. സഹ്യപർവതത്തിലെ എത്ര ഹരിതമോഹന പ്രദേശങ്ങളാണിന്നു ക്രൂരഹത്യക്കിരയാകുന്നത്. പ്ലാസ്റ്റിക് മാലിന്യങ്ങൾ നഗരത്തിന്റെ വശങ്ങളിലൊക്കെയും. ദുർഗന്ധം വമിക്കുന്ന മാലിന്യങ്ങൾ നീക്കം ചെയ്യാൻ നമുക്കാകുന്നില്ല ഒരു മാലിന്യ സംസ്കരണസംസ്കാരം നാമുണ്ടാക്കേണ്ടിയിരിക്കുന്നു. ഇല്ലെങ്കിൽ ഭാവിയിൽ വലിയ വില കൊടുക്കേണ്ടി വരും. ലഹരിമരുന്നുകൾ ഇന്ന് കേരളം അഭിമുഖീകരിക്കുന്ന വലിയൊരു പ്രശ്നമാണ്. മിഠായിയിലും മരുന്നിലും ലഹരി തേടുന്ന ഒരു പുതു തലമുറയാണിവിടെ വളരുന്നത് . വാർത്തകളിൽ വരുന്ന ഇത്തരം വാർത്തകൾ നാം കണക്കിലെടുക്കുന്നില്ല. ഇതിങ്ങനെത്തന്നെ തുടർന്നാൽ അക്രമങ്ങൾ സ്ഥിരംസംഭവമാകും.

ഭരണകൂടം നമ്മിൽ വളരെയേറെ സ്വാധീനം ചെലുത്തുന്നുണ്ട്. പല കർമ്മപരിപാടികളും ആസൂത്രണം ചെയ്തു നടപ്പിലാക്കി നമ്മെ സഹായിക്കുന്നത് അവരാണെങ്കിലും രാഷ്ടീയപാർട്ടികളോടുള്ള ചായ്വ് അവരിൽ നിഗൂഢമായെങ്കിലും പ്രകടമാകുന്നു. അഴിമതിയില്ലാത്ത ജനാധിപത്യസംസ്കാരമാണിവിടെ വളരേണ്ടത്. രാഷ്ട്രീയ കൊലപാതകങ്ങളും അസമത്വവും അസഹിഷ്ണുതയും മതതീവ്രവാദവും

ഇവിടെ വളരുന്നു. ബ്രിട്ടീഷ് കാരുടെ ഭിന്നിപ്പിച്ചു ഭരിക്കുക എന്ന നയമാണിവിടെ നടപ്പാക്കപ്പെടുന്നത്. ഇതൊഴിവാക്കാനായാൽ കേരളം സുഖസുന്ദരവാസത്തിനു ചേർന്നതാകും.

കേരളം വളരെയേറെ നാളുകളായി ആർജിച്ച സംസ്കാരം ചോർച്ചയ്ക്ക് വിധേയമാകുന്നു. നമ്മുടെ സംസ്കാരം പാശ്ചാത്യസംസ്കാരത്തോടു കൂടിക്കലർന്നാണിപ്പോൾ കിടക്കുന്നത്. സംഗീതം, സാഹിത്യം, കലാ, വസ്ത്രധാരണം തുടങ്ങിയ വിവിധ മേഖലകളിൽ നമ്മെ പാശ്ചാത്യസംസ്കാരം കീഴ്പ്പെടുത്തി കഴിഞ്ഞു. നമ്മുടെ സംസ്കാരത്തിന്റെ പ്രൗഢി നാം തിരിച്ചറിഞ്ഞേ മതിയാകു.

മൊബൈൽ ഫോണിന്റെ അമിതമായ ഉപയോഗം ഇന്നതെ ചെറുപ്പക്കാരിൽ കാണുന്നു. ആരോഗ്യപരവും മാനസികവുമായി ഇത് വളരെ ദോഷം ചെയ്യുന്നു . നമ്മുടെ മാനവിക വ്യവസ്ഥയെ തന്നെ മാറ്റിമറിക്കുന്ന ഇവയോടുള്ള അമിതഭ്രമം വളരെ ദോഷകരമാണ്. കേരളവർത്തമാനകാലത്തിന്റെ ഓരേടാണിവിടെ വരച്ചുകാട്ടിയത്. നമ്മുടെ സംസ്കാരച്ചോർച്ചയാണ് പ്രധാനകാരണമെന്നു നമുക്കു നിരൂപിക്കാം. കേരളം അന്നും ഇന്നും മികച്ചതുതന്നെ.

ഗോകുൽവിനായക് സി .ആർ







# മഴ നനഞ്ഞ ആ പ്രേമകഥ

**ഭാഗം ഒന്ന്**

**ഞാ**ൻ അന്ന് പത്താംതരത്തിൽ പഠിക്കുകയായിരുന്നു. രാവിലെ ആറുമണിതൊട്ട് അപ്പുറത്തെ വീട്ടിൽ ട്യൂഷനുപോയിരുന്നു. അതിനുശേഷം ഒൻപത് മണിയോടുകൂടി വീടിനുമുമ്പിലെ തോട്ടിലേക്ക് ഒറ്റച്ചാട്ടം. അങ്ങനെ അരമണിക്കൂറോളം തോട്ടിൽ ആടിത്തിമിർക്കൽ. അതിനുശേഷം വീട്ടിലേക്കോടി അമ്മയുണ്ടാക്കിവെച്ചിട്ടുള്ള കഞ്ഞി മോന്തിക്കുടിച് സ്കൂളിലെക്കൊറ്റയോട്ടം. വഴിയിൽ ജോർജും ഹരീഷും രമേശും കിരണും സുഹൈലും സ്കൂളിൽ ഹാജരെടുക്കാൻ രവീന്ദ്രന്മാഷെത്തുന്നതിനു തൊട്ടുമുമ്പേ ഓടിക്കയറി പെൺകുട്ടികളുടെ ഭാഗത്തുള്ള അവസാനബെഞ്ചിൽ സ്ഥാനം പിടിക്കും. കൂടെയുള്ളവർക്കെല്ലാം ഓരോ സെറ്റപ്പുള്ളതിനാലാണ് അവർ പെൺകുട്ടികളുടെ ഭാഗത്ത് ഇരിപ്പുറച്ചത്. എന്നാൽ അതിൽനിന്നും തികച്ചും വ്യത്യസ്തനായിരുന്നു ഞാൻ. ഒന്നാന്തരം മുതൽ ഒരുമിച്ചു പഠിച്ചതിനാൽ ഒറ്റയാണെങ്കിലും അവരുടെ നിർബന്ധത്തെ വഴങ്ങി അവരോടൊപ്പം ഇരിപ്പുറപ്പിച്ചു.

അങ്ങനെ രണ്ടുമാസത്തെ അവധികാലംകഴിഞ്ഞു വിദ്യാലയം തുറന്ന് രണ്ടാഴ്ചയായിരുന്നു. കാലാവസ്ഥാപ്രവചനം നടത്തിയവരെ പറ്റിച് മഴ മാറിനിന്നിരുന്നു. എന്നാൽ ആ ബുധനാഴ്ച്ദിവസം രാവിലെ മുതൽ കനത്തമഴ. കനത്തമഴയെന്നാൽ കനത്തമഴ .... ക്ലാസിലെ ഓട്ടുമേൽക്കൂരയുടെ വിടവിലൂടെ ഒളിച്ചുവരുന്ന മഴത്തുള്ളികൾ

പലവരുടെയും പുസ്തകങ്ങളിലെ അക്കങ്ങളെ പലവർണമാക്കിയിരുന്നു.

അങ്ങനെയിരിക്കുമ്പോളായിരുന്നു ഞാൻ വെറുതെയൊന്നു പുറത്തേക്കുനോക്കിയത്. മൈതാനം നിറച്ച് വെള്ളം. മഴപെയ്യതിനാൽ കളിയ്ക്കാൻ പറ്റാതെ ഒരു ഭാഗത്ത് ബോളും പിടിച്ച്നിൽക്കുന്ന ചെറിയ ക്ലാസിലെ പയ്യൻസ്. ആദ്യമായി ഭൂമിയെ കുളിപ്പിച്ചുകൊണ്ട് വന്നെത്തിയ മഴ പുതുമണത്തോടെ വരവേൽക്കുന്ന മണ്ണ്. ആ പുതുമണം ശ്വസിച്ച് അതിൽനിന്നും ജീവവായുപുറത്ത്വിട്ടുകൊണ്ട് കുളിച്ച് പച്ചയണിഞ്ഞ് നിൽക്കുന്ന മരങ്ങൾ. ആ മരങ്ങൾക്കുമുകളിലെ ചില്ലകളിൽ ഇണയോട് പ്രണയം പങ്കിട്ടിരിക്കുന്ന പക്ഷികൾ,പക്ഷിക്കൂടുകൾ...അതിലെ പക്ഷിക്കുഞ്ഞുങ്ങൾ...

മണ്ണിനടിയിൽനിന്നും പുറത്തേക്കുവരാൻ വെമ്പിട്ടുനിൽക്കുന്ന വിത്തുകൾ മുളപൊട്ടിയ കുഞ്ഞുതൈകൾ അങ്ങനെ അങ്ങനെ ഒരുപാടുണ്ട് പുറത്തു്. ഒന്ന് ഈ ചുമരുകളുടെ ബന്ധനത്തിൽ നിന്നും പുറത്തുകടക്കണമെന്നെനിക്ക് തോന്നി.എന്നിട്ട് അധിവിശാലമായ മൈതാനത്തിന്റെ മധ്യത്തിൽ കൈകൾനിവർത്തി ആകാശത്തേക്ക് കണ്ണുംനട്ട് നിക്കണം. അങ്ങനെ മഴയെ അറിയണം മണ്ണിനെ അറിയണം ഭൂമിയെ അറിയണം പ്രകൃതിയെ അറിയണം ആകെ നനയണം നനഞ്ഞ് കുതിർന്ന് ആ പക്ഷികളോട് കൂട്ടുകൂടണം അവയോട് വർത്തമാനം പറഞ്ഞിരിക്കണം. മരത്തിൽ നിന്നും കായ്കൾ പറിച്ചുതിന്നണം...മഞ്ചാടിക്കുരു പെറുക്കണം... കളിക്കണം... അങ്ങനെ നീളുന്നു ആഗ്രഹങ്ങളുടെ നിര.

എന്നാൽ അതിനാദ്യം ഈ മതിലുകളിൽ നിന്നും പുറത്തുകടക്കണം. അതിനു രവീന്ദ്രൻ സാറിന്റെ കണ്ണുവെട്ടിക്കണം. അതുമാത്രം സാധ്യമല്ല.. അതിനു ഞാൻ രണ്ടുജന്മം ജനിക്കണം. പെട്ടെന്നായിരുന്നു കാഴ്ചയെ മറിച്ചുകൊണ്ട് പുത്തൻകുടയും ചൂടി പുത്തൻ ഉടുപ്പുമിട്ട് ആരോ ആ ജനലിലൂടെ നടന്നുപോയത്.കുടകരണം മുഖം കാണാൻ പറ്റിയില്ല. എങ്കിലും ആ കുട്ടി ഒരു പെൺകുട്ടിയായിരിക്കണം...'മേ ഐ കം ഇൻ സർ'

ആ മന്ദ്രമധുരശബ്ദം കേട്ട് ഞാൻ ഭാവനകളിൽനിന്നും ഞെട്ടിയുണർന്നു.അവൾ രവീന്ദ്രൻസാറിന്റെ മറുപടിക്കുവേണ്ടി കാത്തുനിൽക്കുന്നു.'യെസ് കം ഇൻ'സാറിന്റെ കനത്തശബ്ദം ആ ചുമരുകളിൽ തട്ടി പ്രതിഫലിച്ചു. അകത്തേക്ക് വലതുകാൽ വെച്ച് കയറിവന്ന അവൾ സാറുടെ നേരെ നടന്ന് ഒരു

കാത്തുകൊടുത്തു.അത് വിശദമായി പരിശോധിച്ചാൽ രവീന്ദ്രൻ സർ ഉറക്കെ പറഞ്ഞു.

'കുട്ടികളെ ,ഇനി നിങ്ങളുടെ ക്ലാസ്സിലേക്ക് ഈ കുട്ടികൂടി ഉണ്ടാകും. ഇവളുടെ പേര് ലക്ഷ്മി. ചെല്ലൂ ബെഞ്ചിൽ ഇരുന്നോളു...' സാറിനോട് നന്ദിപറഞ്ഞ് അവൾ എന്റെ നേരെ മുന്നിലുള്ള ബെഞ്ചിൽ വന്നിരുന്നു. ഞാനാകെ കോരിത്തരിച്ചുപോയി. അന്നാദ്യമായി ചങ്ങായിമാർ പറയാറുള്ള ആ വികാരം ഞാനുമറിഞ്ഞു. എന്താണത്? സ്നേഹമോ? സന്തോഷമോ? സങ്കടമോ? ദേഷ്യമോ? അതോ പ്രേമമോ...അറിയില്ല...അറിയണം ഇനി അറിയണം അറിഞ്ഞേ പറ്റൂ... ആ നിമിഷത്തിനു ഞാൻ പ്രസിദ്ധമായ ആ സിനിമ ഡയലോഗോർത്തു. 'ഈ മൊഞ്ചത്തികുട്ടിയെ ഇനി ഞാനാർക്കും വിട്ടുകൊടുക്കില്ല... ഇവളെന്റെയാ എന്റെ മാത്രം...'

എന്റെ ഈ രഹസ്യം ഞാൻ എന്റെ ചങ്ങായിമാറോടു പറഞ്ഞു. അങ്ങനെ അത് പരസ്യമായി. അവളുടെ ചങ്കായിരുന്ന അനഘവഴി അത് അവളുമറിഞ്ഞു... അങ്ങനെ ദിവസങ്ങൾ കടന്നുപോയി....

ഞാൻ കുടയെടുക്കാൻ മറന്ന ആ ദിവസം രവീന്ദ്രന്സാർ വൈകുന്നേരം അധികക്ലാസ് വച്ചിരുന്നു. ക്ലാസ് കഴിഞ്ഞപ്പോഴേക്കും കനത്ത മഴ തുടങ്ങിയിരുന്നു. ചെക്കന്മാരെല്ലാം മഴയത്ത് ഓടി.പക്ഷെ എന്തുചെയ്യണമെന്നറിയാതെ ഞാൻ അന്തം വിട്ടുനിന്നു.എല്ലാവരും പോയിരുന്നു ക്ലാസിൽ ഞാനും അനഘയും ശ്രീലക്ഷ്മിയും മാത്രമായി. അവരുടെയും അടുത്ത് കുടയുണ്ട്. അങ്ങനെ ഇരിക്കുമ്പോളാണ് അവൾ എന്നോട് ചോദിച്ചത്.'കുടയില്ലേ? ഞാൻ പറഞ്ഞു, 'ഇല്ല'. അപ്പോൾ പോരുന്നോ എന്റെ കൂടെ?'.

ഞാൻ അനഘയുടെ മുഖത്തേക്കുനോക്കി. അവൾ തന്റെ ട്രേഡ്മാർക്കായ ആ കൊന്ത്രപല്ലുകാട്ടി അമർത്തിചിരിച്ചു. എന്തുചെയ്യണമെന്നറിയാതെ നിന്ന എന്നെ അവൾ കൈപിടിച്ചു വലിച്ചു. ഞാൻ അനഘയെ നോക്കിച്ചരിച്ചുകൊണ്ട് അവളുടെ കൂടെ പോയി. കുടക്ക് കീഴെ അവളും ഞാനും മാത്രം അങ്ങനെ മഴയുടെ കൂടെ ഒരു സഞ്ചാരം... അനർഘമായ യാത്ര. എനിക്കൊരു പാട്ടുപാടാൻ തോന്നി...നന്ദി...മഴക്ക് നന്ദി...

എന്നാൽ ഞാൻ ശെരിക്കും ഞെട്ടിയത് അവളുടെ കുടയുടെ ഉൾഭാഗത്തു നോക്കിയപ്പോഴാണ്.അതിൽ നിറച്ചും

എസ്.എഫ്.ഐയെ കുറിച്ച് എഴുതിവച്ചിരിക്കുന്നു....വെറുതെ ഒരു മെമ്പർഷിപ്പും എടുത്ത് നിന്നിരുന്ന എനിക്ക് ലജ്ജയുളവാക്കിയ ഒരു സംഭവമായിരുന്നു അത്.. ഞാൻ അവളോട് ചോദിച്ചു, "കമ്മ്യൂണിസ്റ്റാണല്ലേ??" 'അതെ 'അവൾ പറഞ്ഞു.എന്നിട്ട് നീയേതാണെന്ന് എന്നോട് ചോദിച്ചു.ഞാനും സഖാവാണെന്ന് പറഞ്ഞു.'എന്നിട്ടെന്തേ ഇന്നലെ യൂണിറ്റിനൊന്നും വന്നില്ലല്ലോ...?അവൾ ചോദിച്ചു 'അത്.'അവൾ ചോദിച്ചു 'അപ്പോൾ പ്രവർത്തകനല്ലല്ലേ..?' ഏയ് അങ്ങനെയല്ല...ഇന്നലെ സമയം കിട്ടിയില്ല..'ഞാൻ പറഞ്ഞു.നിനക്ക് എന്നെ ഇഷ്ടമാലെ?ഞാനറിഞ്ഞു..' അവൾ പറഞ്ഞു . അതെ അതവൾ അറിഞ്ഞിരുന്നു. എന്നാൽ ഈയൊരു നിമിഷത്തിൽ എന്തുപറയണമെന്നറിയാതെ ഞാൻ കോച്ചിപ്പിടിച്ചുനിന്നു...

അതെ ഇതുതന്നെ സമയം.എന്നെങ്കിലും ഒരു ദിവസം പറയാൻ വേണ്ടി പലതവണ കണ്ണാടി നോക്കി ഉരുവിട്ടു മനഃപാഠമാക്കി വെച്ച ആ നീളൻ പ്രേമലേഖനത്തിലെ വാക്കുകൾ പറയാൻ തുടങ്ങിയപ്പോഴേക്കും അവൾ വീണ്ടും എന്നെ ഞെട്ടിച്ചു.

ഒരു കുടയിൽ ഇടുങ്ങിയ വഴിയിൽ മഴയോടൊപ്പം നടക്കുമ്പോൾ അവൾ തന്റെ പ്രേമം എന്നോട് തുറന്നുപറഞ്ഞു...."എന്താ ഒന്നും മിണ്ടാത്തത്? ഇക്കും ഇഷ്ടട്ടൊ..."എന്നിട്ടൊരോട്ടം.

അവളുടെ ബസുവന്നിരുന്നു. ഞാൻ മഴയിൽ നനഞ്ഞു കുതിർന്നു. അതെ അതുതന്നെയായിരുന്നു എന്റെ ആഗ്രഹം ഒന്ന് നനയണമെന്ന്.

**(ഭാഗം രണ്ട്...)**

'ഹലോ', എന്താപ്പോ കണ്ടോണ്ടിരിക്കുന്നെ. "സമയം എട്ടുമണിയായി ഇന്നൊഫീസിൽ പോണില്ലേ",ഞാൻ ഞെട്ടിയുണർന്നു. "ഓരോരോകാര്യമാലോചിച്ച്നേരം പോയി..."ഞാൻ പറഞ്ഞു.ഇന്ന് അവൾ ഒരു അമ്മയാണ്.ഭാര്യയാണ്.കുടുംബിനിയാണ് പ്രശസ്ത കമ്പനിയുടെ മേലുദ്യോഗസ്ഥയാണ്.

നന്ദി മഴക്ക് നന്ദി ഒരുപാടു നന്ദി....

"അതാ നോക്കിയേ നല്ല മഴ വരുണ്ട് ഞാനൊന്ന് അമ്പലത്തിൽപോയിട്ടുവരാം മഴപെയ്യുകയാണെങ്കിൽ ആ തുണിയെടുത്തുവെക്കണേ..." അവൾ പറഞ്ഞു നിർത്തി.

വിഷ്ണു സുരേഷ്

# *പാഠം-ഒന്ന്- പ്രകൃതി*



**തൊ***ണ്ടയിൽ ബലമുള്ള പാറക്കല്ലിട്ടതുപോലെ.....*
*തോരാമഴയെ കണ്ണുനീർ വെല്ലുവിളിക്കാഞ്ഞു.....*

"ഇല്ല മാലിനി...... നീ തളർന്നുകൂടാ....... വിഷമിക്കണ്ട........... ഞങ്ങൾക്കിവിടെ ഒരു കുഴപ്പവും ഇല്ല....."അച്ഛന്റെ പരുക്കൻ ശബ്ദം കേട്ടിട്ടാവണം തെല്ലൊരു ജാളിത്യത്തോടെ കണ്ണുനീർ പിൻവാങ്ങിയത്.......

മനോധൈര്യം ആർജിച്ചെടുത്ത മനസ്സിൽ പ്രത്യധ്വനിക്കുന്ന ആ പരുക്കൻ ശബ്ദത്തെ തന്നിലേക്ക് മുഴുവനായും അലിയിച് അവൾ യാഥാർഥ്യത്തിന്റെ മൂടുപടം തുറന്നു.

"പത്തനംതിട്ട ജില്ലയും ഒറ്റപെട്ടു. ജില്ലയിലെ വിവിധയിടങ്ങളിലായി ഒട്ടേറെ പ്രദേശങ്ങൾ വെള്ളത്തിനടിയിൽ. വൈദ്യുതി ബന്ധവും വിഛേദിക്കപ്പെട്ടതിനാൽ പൂർണമായും ഒറ്റപ്പെട്ട അവസ്ഥയിലാണ് ഇപ്പോൾ ജില്ലാ. മുപ്പത്തഞ്ചോളം മരണങ്ങൾ നടന്നതായി ഇപ്പോൾ സ്ഥിരീകരിച്ചു.

വാർത്ത വായിച്ചതിനുശേഷം സ്ക്രീനിൽ തെളിഞ്ഞ ദൃശ്യങ്ങൾ പേടിയോടെ അവൾ കണ്ടു.... തന്റെ ഗ്രാമത്തിന്റെആകാശദൃശ്യങ്ങൾ.... പ്രളയജലം ഗ്രസിച്ച തന്റെ സ്വന്തം വീട്......അവസാനപ്രതീക്ഷക്കാവണം വീടിന്റെ മേൽക്കൂരയുടെ അറ്റമിങ്ങനെ പ്രളയജലത്തിന്

പിടികൊടുക്കാതെ തലയുയർത്തി നിൽക്കുന്നത്.... ഏതാനും നിമിഷങ്ങൾക്കുള്ളിൽ അതും...... "ഏയ്.... ഇല്ല... ഞാനെന്തിനാണിങ്ങനെ ചിന്തിക്കുന്നത്. ഒരിക്കലും ഇല്ല... അച്ഛനും അമ്മയും അവിടെ സുരക്ഷിതരായിരിക്കും........

വാർത്താബുള്ളറ്റ് തീർത്തതിനുശേഷം അവൾ സ്റ്റുഡിയോയിൽ നിന്ന് ഇറങ്ങിയോടി.... ഇടവിടാതെ ശബ്ദിക്കുന്ന തന്റെ മൊബൈൽ ഫോൺ എടുത്തു. നൂറോളം മിസ്ഡ് കോളുകൾ, അതിനുമേറെ മെസ്സേജുകൾ. അച്ഛന്റെ നമ്പറിൽ നിന്ന് വന്ന മെസ്സേജിലേക്കു അവൾ തുറിച്ചുനോക്കി ഒരു നിമിഷം സ്തബ്ധയായി നിന്നു.

"മോളെ ഞാനും അമ്മയും ഇവിടെ വീട്ടിൽത്തന്നെയാണ്. കുറച്ചുനേരം കൂടി കഴിഞ്ഞാൽ നമ്മടെ വീട് മൊത്തമായിട്ടും മുങ്ങും.... രക്ഷാപ്രവർത്തകർ അങ്ങിങ്ങായിട്ടുണ്ട്. പക്ഷെ ഞങ്ങൾ ഇവിടെയുണ്ടെന്ന വിവരം ആർക്കുമറിയില്ലെന്ന് തോന്നുന്നു..... ഇവിടെ നിന്ന് രക്ഷപെടാൻ ഞങ്ങൾ പരമാവധി ശ്രമിച്ചു. പക്ഷെ കഴിയുന്നില്ല.

കടിഞ്ഞാണിട്ട കണ്ണുനീർ തളംകെട്ടി ഒഴുകി... മാലിനിയുടെ കൈകൾ വിറപൂണ്ടു.... കാലുകൾ തറയിൽ നിന്നുയരുന്നതുപോലെ.....

"അച്ഛാ.... മാലൂനെ പിടിക്കാൻ പറ്റൂലാന്ന് പറഞ്ഞതല്ലേ.... മാലൂന് നന്നായി ഓടാൻ പറ്റുമെന്ന് അച്ഛൻ മറന്നോ......" കള്ളച്ചിരിയോടെ പുള്ളിപ്പാവാടയിട്ട് ആ ആറുവയസുകാരി അച്ഛനെ ഓടിക്കുകയായിരുന്നു. അമ്മയെ മുന്നിൽക്കണ്ടതും അവൾ പരാതി ബോധിപ്പിച്ചു......

"അമ്മേ... ദേ ഈ അച്ഛൻ എന്നോട് മരുന്ന് കഴിക്കാൻ പറയുന്നു.... എനിക്ക് പണി മാത്രമല്ലേയുള്ളു......... അതിപ്പോ മാറും പക്ഷെ ഈ മരുന്ന് എനിക്കുവേണ്ട." തെല്ലൊരു കൊഞ്ചലോടെ അമ്മയുടെ മാറത്തവൾ ഒട്ടി.......

"എന്റെ മാലൂ അങ്ങനെ പറയരുത്ട്ടോ... പനി മാറാണെങ്കിൽ മരുന്ന് കഴിച്ചു നല്ല കുട്ടിയാവണം............"

"ഹും......ഈ അമ്മേം അച്ഛനും ഒന്നാ..." അമ്മയുടെ വാക്കുകൾക്ക് ശേഷം ചെറിയൊരു വിസ്സമ്മതത്തോടെ അവർ അച്ഛന്റെയടുത്തേക്കു നീങ്ങി....

"ഇനിയെന്റെ പൊന്നുമോൾ ഇങ്ങനെ പുഴയിൽ പോയി കൊറേ നേരം കളിച്ച് പനി വരുത്തരുത്ട്ടോ....." മരുന്നിന്റെയൊപ്പം അച്ഛൻറെ സ്നേഹത്തിൽ പൊതിഞ്ഞ ശാസനം.

"ഇല്ലച്ഛാ....... പനി വരുത്തൂല.... പക്ഷെ പുഴയിൽ പോവും....."അവൾ ചിണുങ്ങി.

"മാലൂ... Wake up... "Oh ഗോഡ്! അവൾക്ക് ബോധം പോയതാ...." "അവളുടെ വീടും ഒക്കെ മുങ്ങി." അങ്ങിങ്ങായി മുറിഞ്ഞ വാക്കുകൾ കൂട്ടിച്ചേർക്കാനാവാതെ അവൾ പതിയെ കണ്ണ് തുറന്നു. നോക്കിയപ്പോൾ കൂടെ ജോലി ചെയ്യുന്നവർ ചുറ്റും നിൽക്കുന്നു.അവൾ മെല്ലെ യാഥാർഥ്യത്തിലേക്ക് തിരിച്ചെത്തി. "അച്ഛനും അമ്മേം..." അവൾ ഗദ്ഗദത്തോടെ പറഞ്ഞു.

"പേടിക്കണ്ട മാലൂ..... We will save them..... we can."

തന്റെ കരിയറിൽ തന്നെ ഒരു കണ്ട്രോൾ റൂമായി കഴിഞ്ഞിരുന്നു. പല സ്ഥലങ്ങളിൽ നിന്നായി പ്രളയ ദുരിതം അനുഭവിക്കുന്ന ഒട്ടേറെപ്പേർ ഇടവിടാതെ രക്ഷയഭ്യർത്തിച്ച് വിളിക്കുന്നു... ഹെൽപ് ലൈൻ നമ്പറുകൾ അങ്ങനെയങ്ങനെ... മാലതി വീണ്ടും അച്ഛന്റെ നമ്പറിലേക്ക് വിളിക്കാനുള്ള ശ്രമങ്ങൾ നടത്തി.... വിഫലമായിപ്പോയ ആ ശ്രമങ്ങൾ അവളെ തളർത്തതിനു മുമ്പേ പ്രതീക്ഷകളുമായി കൂടെ ജോലി ചെയ്യുന്നതുവരെത്തി... ഗിരീഷേട്ടൻ നന്ദുവിനെയും കൂട്ടി സ്റ്റുഡിയോയിൽ എത്തി... നന്ദുവിനെ വാരിപുണർന്ന് അവൾ തൻ്റെ പ്രിയതമന്റെ മാറിൽ ചാഞ്ഞു. തേങ്ങലോടെ പറഞ്ഞു;"ഗിരീഷേട്ടാ... അച്ഛനും അമ്മേം..."

"നീ പേടിക്കണ്ട... ആർമി ഒക്കെ എറങ്ങിട്ടുണ്ട്. അവർ അവിടെ തിരച്ചിലിലാണ്... അവർക്ക് ഒന്നും സംഭവിക്കില്ല.... രക്ഷപെടും..." കരഞ്ഞുവാടിയ തന്റെ മറുപകുതിയെ മാറത്തണച്ചുകൊണ്ട് സാന്ത്വന വാക്കുകൾ നൽകണേ അവനു കഴിയുമായിരുന്നുള്ളൂ.

അവൾ ഓർത്തു...... തന്റെയും ഗിരീഷേട്ടന്റെയും പ്രണയം.... അച്ഛനെയും അമ്മയെയും സങ്കടപെടുത്താൻ ഇഷ്ടമില്ലാത്തതുകൊണ്ട് നേരിട്ട് ഗിരീഷേട്ടൻ വീട്ടിൽ വന്നത്.... പഠനം കഴിയട്ടെ എന്ന അച്ഛന്റെ മറുപടി. എന്നും അച്ഛനും അമ്മയും എന്റെ ഇഷ്ടങ്ങൾ നടത്തി തന്നിട്ടേഉള്ളൂ.... അവൾ വീടും ഓർത്തു...

എല്ലായിടത്തും രക്ഷാപ്രവർത്തനങ്ങൾ.... ആർമി.... മൽസ്യത്തൊഴിലാളികൾ.... ഒരു പിടി നല്ല മനസ്സുള്ളവർ.... കരഞ്ഞുതളർന്ന മാലിനി.... തനിക്കു ചുറ്റും നടക്കുന്നതെന്താണെന്ന് അറിയാതെ മിഴിച്ചു നോക്കുന്ന നന്ദു..... ജീവൻ തിരിച്ചു ലഭിച്ചതിൽ സന്തോഷിച്ചു നിൽക്കുന്ന ഒരു കൂട്ടം ആളുകൾ..... രാപ്പകലില്ലാതെ

രക്ഷാപ്രവർത്തനത്തിലേർപ്പെടുന്ന സിനിമാതാരങ്ങൾ, മറ്റാളുകൾ മതമൊന്നും മനുഷ്യത്വത്തിന്റെ നിർണായഘടകമല്ലെന്ന് തെളിയിച്ച സംഭവങ്ങൾ.... നിർത്താതെ താണ്ഡവ നൃത്തമാടുന്ന പ്രകൃതി.....

ആരവങ്ങൾക്കിടയിൽ.... ബഹളങ്ങളുടെ മധ്യത്തായി തന്റെ അച്ഛന്റേതെന്ന് തോന്നിക്കുന്ന രൂപം..... അമ്മയെ കൈപിടിച്ചു നന്ദുവിന്റെ കളിപ്പാട്ടങ്ങളുമേന്തി ആ രൂപം തന്റെ നേർക്ക് നടന്നടുത്തു.... അവ്യക്തമായ ആ ശബ്ദത്തിന് അവൾ കാതോർത്തു... "പുഴ ചതിക്കില്ല മോളെ... ചില പാഠങ്ങൾ പഠിപ്പിച്ചു തരുമെന്നല്ലാതെ ഈ മഴയും പുഴയും പ്രകൃതിയുമെല്ലാം ഓരോ പാഠങ്ങളാണ്... ഇന്നും പഠിച്ചു തീരാത്ത പാഠങ്ങൾ.......

അബിയ ക്രിസ്പസ്

# മിന്നാമിന്നി

**പൊ**ൻപ്രഭ തൂകിപ്പാറും നീയൊരു
പൊൻപയർപോല്ലാണല്ലൊ
ആരുനിനക്കീപ്രഭയേകി ?
മിന്നാമിന്നി പറയൂ നീ
അല്പം വെട്ടം എനിക്കും താ
എന്നുടെ കൂട്ടിൽ പോകാനായി
കുഞ്ഞനുറുമ്പിനു തുണയായി
മിന്നാമിന്നി പറന്നല്ലൊ
കൂട്ടിൽ ചെന്നിട്ടിരു പേരും
കുശലം ചൊല്ലി വെള്ളുപ്പിച്ചു !




ആര്യനന്ദ. സി.

# പ്രഭാതം

ഇരുട്ടു നീങ്ങിവെളിച്ചമായി
സൂര്യൻ വന്നല്ലൊ
ഇലത്തുമ്പില്ലെ ജലത്തുള്ളിയിൽ
സൂര്യൻ കൺചിമ്മി
ഇളം കാറ്റിൽ പൂക്കൽ
തന്നുടെ ഗന്ധമുയർന്നല്ലൊ
ആഹാ,പുലരിതൻ വരവാണയ്യാ
എന്തെന്താനന്ദം !



**ആര്യനന്ദ. സി.**



# ക്ലാസ്സ്മുറികൾ ഹൈടെക് വത്ക്കരിക്കുമ്പോൾ - വിദ്യാഭ്യാസത്തിന്റെ ഭാവി



**എ**ന്താണ് വിദ്യാഭ്യാസം? അല്ലെങ്കിൽ എന്തിനാണ് വിദ്യാഭ്യാസം എന്ന ചോദ്യങ്ങൾക്ക് പ്രസക്തി കൂടി വരുന്ന കാലഘട്ടത്തിലാണ് നാം ജീവിതം നയിച്ച് കൊണ്ടിരിക്കുന്നത്. ഒരു പക്ഷെ ഈ ലോകത്ത് വിദ്യ അഭ്യസിക്കാത്തവരായി ആരുമുണ്ടാവില്ല. നാം നിരന്തരം വിദ്യ അഭ്യസിച്ചുകൊണ്ടിരിക്കുന്നു. ജനിച്ചു വീണ നിമിഷം അമ്മ എന്ന രണ്ടക്ഷരങ്ങൾ വിദ്യയുടെ നുറുങ്ങുവെട്ടം നൽകുന്നു. ഭാഷയും, സംസ്കാരവും നാം സ്വയം ആർജിച്ചെടുക്കുന്നു. പിന്നീട് കൂട്ടായി വിദ്യാലയവും കലാലയവും. നാം നമ്മുടെ യൗവ്വനം ഏറ്റവും കൂടുതൽ ചെലവഴിക്കുന്നത് വിദ്യാലയങ്ങളിലാണ്. വിദ്യാഭ്യാസത്തിന്റെ അടിത്തറയായ ഈ രംഗം നമ്മുക്കുള്ളിൽ ഉണ്ടാകുന്ന വ്യതിയാനം വളരെ വലുതാണ്. ക്ലാസ്സ്മുറികളിലെ കളിതമാശകളും ടീച്ചറുടെ ഉള്ളിൽ കൊള്ളുന്ന ശരവർഷങ്ങളും എന്നും നമ്മുടെ ഓർമയിൽ തങ്ങിനിൽക്കുന്നവയാണ് . കൂട്ടുകാരോടൊപ്പം ഒരുചെറിയ ബെഞ്ചിലിരുന് പേരുകൾ കൊതി വച്ച ഡസ്കിൽ ബുക്വെച്ച അറിവുകൾ നൽകുന കറുത്ത ബോർഡ്ൽ നിന്നും സ്വായത്തമാക്കിരുന്ന വിദ്യാഭ്യാസരീതി കാലഘട്ടത്തിനനുസരിച് മാറേണ്ടത് അനിവാര്യമാണ്.

ഏകദേശം 20-ആം നൂറ്റാണ്ടിന്റെ ആരംഭത്തിലാണ് ഇന്ന് കാണുന്ന വിദ്യാഭ്യാസ രീതി ഉദയംകൊള്ളുന്നത്. അക്കാലത്തു കേരളത്തിന്റെ വിദ്യാഭ്യാസം നൽകുന്നതിൽ മമുഘ്യപങ്ങുവഹിച്ചതു

ക്രിസ്ത്യൻ മാഷിനറികളാണ് ലോകം കണ്ട വലിയ കണ്ടുപിടിത്തങ്ങൾ പലതും വിദ്യാഭ്യാസത്തിനെ സാരമായി സ്വാതീനിച്ചിട്ടുണ്ട്. കൂടുതൽ ഉത്പന്നങ്ങൾ നൽകാൻ കഴിയുന്ന യാന്ദ്രങ്ങളുടെ വരവ് ചെറുകിട കച്ചവടക്കാരെയും , സാധാരണ തൊഴിലാളികളുടെ ജീവിതത്തെയും മാറ്റിമറച്ചു . യന്ത്രങ്ങൾ കൈകാര്യം ചെയ്യാൻ കഴിയുന്ന ഓഫീസർമാരെ തയാറാക്കാൻ ഉള്ള വിദ്യാഭ്യാസ പദ്ധതികൾ സൂര്യൻ അസ്തമിക്കാത്ത സാമ്രാജ്യത്തിന്റെ തലവന്മാർ കോൾനികളിൽ നടപ്പാക്കി . തത്ഫലമായി പാരമ്പര്യ വിദ്യാഭ്യാസ സംബ്രദായങ്ങൾ തുടർന്നു പോയാൽ യന്ദ്രങ്ങൾക്കുമുന്നിൽ ജീവിതം അടിപതറുമെന്ന ചിന്ത പുതിയ വിദ്യാഭ്യാസ രീതി കൈക്കൊള്ളാൻ അവരെ നിർബന്ധിതരാക്കി.എന്നാൽ ഇന്ത്യയിൽ ഒരു വിഭാഗം ജനത ആ വിദ്യാഭ്യാസ രീതിയെ സ്വീകരിച്ചില്ല. മാത്രമല്ല ഉന്നത ജാതിക്കാരുടെ ചൂഷണവും അടിമത്യവും അക്കാലത്തെ പല സാഹചര്യങ്ങളും ഒരു വിഭാഗം ജനതയെ സാരമായി ബാധിച്ചു.

സ്വാതന്ത്രത്തിന് ശേഷം ഇന്ത്യയിൽ വിദ്യാഭ്യാസരംഗത് പുതിയ ചരിത്രം കുറിക്കാൻ കേരളത്തിനായി എന്നുള്ളത് പലർക്കും ഒരു അത്ഭുതമാണ്. ഇന്ത്യ നേരിട്ട പ്രധാന പ്രശ്നം പട്ടിണിയും, തൊഴിലില്ലായ്മയും, കുറഞ്ഞ ജീവിത നിലവാരവുമാണ്. ദീർഘ കാലത്തിനടിസ്ഥനത്തിൽ പദ്ധതികൾ ആവിഷ്കരിക്കാനുള്ള തീരുമാനവും, റഷ്യൻ മോഡൽ പഞ്ചവത്സര പദ്ധതിയും സ്വാഗതാർഹമായ നടപടികളായിരുന്നു.സാക്ഷരതാ കൂട്ടാനുള്ള നടപടികൾ പലതും അന്നത്തെ സർക്കാർ കൈകൊണ്ടിരുന്നു. കേരളത്തിലേക്ക് വരുമ്പോൾ വലിയ മാറ്റങ്ങക്ക് വിധേയമായ ഒരു ജനതയെയാണ് അന്ന് കാണാൻ കഴിഞ്ഞത് നിരക്ഷകർക്ക് വേണ്ടിയുള്ള പദ്ധതികൾ പലതും വലിയ മാറ്റങ്ങൾ കേരളത്തിന് ഉണ്ടായി. മറ്റുള്ളസംസ്ഥാനങ്ങളേക്കാൾ മുൻപന്തിയിൽ കേരളം എന്ന സംസ്ഥാനം ഇടം നേടാൻ കാരണം വിദ്യാഭ്യാ മേഖലയിലെ കൂട്ടായ പ്രവർത്തനങ്ങളാണ്.

മേല്പറഞ്ഞപോലെ വിദ്യാഭ്യാസ രംഗത്തു കൈവരിച്ച നേട്ടം കൊണ്ടുചെന്നെത്തിച്ചത് ഉയർന്ന ജീവിത നിലവാരത്തിലാണ്. പല ന്ന്യൂനതകളും വിദ്യാഭ്യാസ രംഗത്തുണ്ട്. പ്രധാനമായും ഇന്നത്തെ വിദ്യാഭ്യാസരീതിയിൽ. കാലഘട്ടം ആവശ്യപ്പെടുന്ന തരത്തിലുള്ള വിദ്യാഭ്യാസ രീതി കൊണ്ട് നമ്മക്ക്കാര്യമുള്ളൂ എന്ന ചിന്ത

സ്വാതന്ത്രത്തിനു ശേഷം നമ്മുക്ക് തോന്നാതിരുന്നത് വളരെ വിഷമമുണ്ടാക്കുന്നു. ഗുരുകുലസംബ്രദായവും മറ്റും ഇല്ലാതാകാൻ കാരണം കാലഘട്ടം ആവശ്യപ്പെടുന്ന മാറ്റം വിദ്യാഭ്യാസ രംഗത്തു വന്നത് മൂലമാണ്.ഇന്നത്തെ അവസ്ഥയിൽ ഉദ്യോഗസ്ഥരെ/ ഓഫീസർമാരെ സൃഷ്ടിക്കുന്ന വിദ്യാഭ്യാസ രീതി പ്രായോഗികമല്ല. അതിനൊരു ഉത്തമ ഉദാഹരണമാണ് സമൂഹത്തിൽ നടക്കുന്ന അനീതികളും അക്രമങ്ങളും, മനുഷ്യത്വവും,സഹിഷ്ണുതയും,മറന്നു പോകുന്ന തരത്തിലാണ് ഇന്നത്തെ മനുഷ്യർ. മാറുന്ന തലമുറക്ക് ഈ വിദ്യാഭ്യാസ സമ്പ്രദായത്തിലൂടെ സാഹോദര്യവും മനുഷ്യത്വപരമായ നടപടികളും പകർന്നുതരാൻ കഴിയില്ല.ഇവിടെയൊന്ന് പുതിയ വിദ്യാഭ്യാസ രീതി നിർണയിക്കേണ്ടത്. ഹൈടെക് വിദ്യാഭ്യാസ രീതി കൊണ്ടുവരുന്നതിലൂടെ ഈ പ്രശ്നം പരിഹരിക്കാൻ കഴിയുമെന്നു തോന്നൽ വളരെ കുറവാണ്. ഒരു ക്ലാസ്സിൽ ഏകദേശം 60 കുട്ടികളാണ് പഠിക്കുന്നത്. ഇത്രയും കുട്ടികളെ അറിഞ്ഞു കൊണ്ട് വിദ്യ നൽകുക എന്നത് അധ്യാപകരെ സംബന്ധിച്ചിടത്തോളം പ്രയാസമേറിയ വിഷയമാണ്.

ലോകംകണ്ട മികച്ച ശാസ്ത്രജ്ഞരും ,പണ്ഡിതന്മാരും ,ഉദ്യോഗസ്ഥരും വളർന്നുവന്ന അതെ വിദ്യാഭ്യാസരീതി തന്നെയാണ് ഹൈടെക് ക്ലാസ്സുകളിൽ ഉള്ളത്എങ്കിൽ വലിയ ഗുണം ഉണ്ടാകാനുള്ള സാധ്യത വിരളമാണ്.ഇവിടെയാണ് ഹൈടെക് വിദ്യാഭ്യാസ രീതിയുടെ ഉദ്ദേശശുദ്ധിയെ ചോദ്യംചെയ്യേണ്ടി വരുന്നത്. വിദ്യ ലഭിക്കുന്നത് പഞ്ചേന്ദ്രിയങ്ങളിലൂടെയാണ്. ഈ ഇന്ദ്രിയങ്ങൾ മുഴുവൻ പ്രവർത്തിക്കുകയാണെങ്കിൽ വിദ്യാഭ്യാസം വിദ്യാർത്ഥികൾക്ക് മധുരമുള്ളതായി മാറുകയുള്ളൂ. ഹൈടെക് ക്ലാസ് മുറികൾക്ക് ഒരുപക്ഷെ വിദ്യാഭ്യാസം മധുരമുള്ളതായി മാറ്റാൻ കഴിഞ്ഞേക്കും. തന്റെ അറിവുകാലും സംശയങ്ങളും കൂടി വിദ്യാർത്ഥികൾക്ക് ക്ലാസ്സിൽ ഉന്നയിക്കാൻ കഴിയണം.സിലബസിന്റെ വ്യാപ്തി എന്ന് പറയുന്നത് ഒരു ഘടകംതന്നെയാണ്. മസ്തിഷ്ക്കത്തിന് കൂടുതൽ സമ്മർദം നൽകുന്നതിലൂടെ വിദ്യയോട് അവബോധം ഉണ്ടാക്കുകയാണ് ഇന്നത്തെ കേരളം ഹയർ സെക്കന്ററി വിഭാഗം.. ഈ സ്ഥിതിയിൽ നിന്നൊരു മാറ്റം അനിവാര്യമാണ്.

മാറേണ്ടത് ഹൈടെക് ക്ലാസ് മുറികളിലേക്കല്ല പുതിയ വിദ്യാഭ്യാസ സമ്പ്രദായത്തിലേക്കാണ്. ഇന്റർനെറ്റിന്റെയും സ്മാർട്ഫോണിന്റെയും

വരവോട് കൂടി വലിയ മാറ്റങ്ങൾ മനുഷ്യരിൽ ഉണ്ടായിട്ടുണ്ട്. ആ മാറ്റങ്ങളിൽ ഒന്നാണ് പ്രകൃതിയും മനുഷ്യരും തമ്മിലുള്ള ബന്ധത്തിലുണ്ടായ വിള്ളൽ. ഈ വിള്ളൽ നികത്താൻ ഉതകുന്ന രീതിയിലുള്ള സംമ്പ്രദായം ആകണം വിദ്യാഭ്യാസ രംഗത്തു കൊണ്ടുവരേണ്ടത്. മാനുഷിക മൂലങ്ങളുടെ ഉറവിടം പ്രകൃതിയാണ്. പ്രകൃതിയെ നശിപ്പിക്കാനുള്ള മനുഷ്യന്റെ വ്യഗ്രത കൂടുന്നത് മാനുഷിക മൂല്യങ്ങളിൽ വിള്ളൽ വരുമ്പോഴാണ്. ഓരോ അധ്യാപികയും വിദ്യാർത്ഥിയുടെ മനസ്സറിയേണ്ടതുണ്ട്. ആയതിനാൽ ഒരു അധ്യാപികക്ക് പഠിപ്പിക്കാൻ ലഭിക്കുന്ന കുട്ടികളുടെ എണ്ണം ഗണ്യമായി കുറക്കേണ്ടതുണ്ട്. എക്സിഡ് പോലുള്ള സ്കൂളുകളിൽ നടപ്പാക്കിവരുന്ന രീതി ഉദാഹരണ മായി ചൂണ്ടികാണിക്കാവുന്ന ഒന്നാണ്. കാലഘട്ടം ആവശ്യ പെടുന്ന മാറ്റത്തിനൊപ്പം ക്ലാസ്സിൽ വിദ്യാർത്ഥികൾ കുറവാണ്.

പ്രകൃതിയിലേക്കും, ശാസ്ത്രത്തിന്റെ ആഴക്കങ്ങളിലേക്കു കടന്നു ചെന്നുള്ള പഠനം മികച്ച വിദ്യാർത്ഥികളെ വാർത്തെടുക്കുന്നതിൽ പങ്ക് വൻഹിക്കുന്നുണ്ട്. സ്മാർട്ട് ക്ലാസുകൾ നമ്മുക്ക് ആവശ്യമുള്ളതാണ്. പക്ഷെ കമ്പ്യൂട്ടറും, വൈഫൈയും മാത്രമുള്ള സ്മാർട്ട് ക്ലാസ് അല്ല വേണ്ടത്. മികച്ച പഠന പ്രവർത്തനങ്ങളുള്ള, ഓരോ കുട്ടികളുടെ ന്യൂനതയും പരിഹരിച്ചു കൊണ്ടുള്ള സിലബസിന്റെ വ്യാപ്തി മനസിലാക്കി കൊണ്ടുള്ള, ഓരോ വിദ്യാർത്ഥികളുടെയും ജന്മവാസന കൃത്യമായി മനസിലാക്കാൻ ഉതകുന്ന തരത്തിലുള്ള ഒരു പുതുപുത്തൻ സമ്പ്രദായമാണ് ഉണ്ടാവേണ്ടത്.

കാലഘട്ടം ആവശ്യപ്പെടുന്ന മാറ്റങ്ങൾ ഏതൊരു രംഗത്തും ഉണ്ടാവും. മാറ്റങ്ങളെ അപഗ്രഹിച് നിഗമനത്തിലേക്കെത്തേണ്ടത് നമ്മുടെ കടമയാണ്. ഇല്ലെങ്കിൽ ആ രംഗം പതുക്കെ നാശത്തിനിരയാകും.കുട്ടികൾ വളരട്ടെ. ചെറുപ്പംതൊട്ടേ നല്ലവണ്ണം പഠിക്കട്ടെ. മുന്നോട്ടു പോകട്ടെ . ഇനിയെങ്കിലും മികച്ച മനുഷ്യരെ സൃഷ്ടിക്കാനുള്ള ലക്ഷ്യം വിദ്യാഭ്യാസത്തിനുണ്ടാകണം. അസന്തുലിതമായ പ്രവർത്തന രംഗമുള്ള ഇന്ത്യയിൽ ഉയർന്ന വേദനം ലഭിക്കുന്ന രംഗത്തെക്ക് നമ്മെ ആകര്ഷിക്കുമെന്ന പോരായ്മ മനസിലാക്കികൊണ്ടുള്ള പുതിയ ക്ലാസ് മുറികൾ ഉണ്ടാവട്ടെ അന്ന് ആഗ്രഹിക്കുന്നു.

**ജിദേന്ദർ കൃഷ്ണ**

# PERMANENCE

Niranjan Krishna P R

Yesterday , I was sad
When I woke up today, I felt good.
Nothing stays permenantly.

One who is good today,
May turn bad the next day.
Someone who you helped in need,
May not mind you the next day.
Nothing stays permanently.

I may not exist tomorrow,
You may not exist tomorrow.
The world is so fragile,
As anything can come at any time.

It's good to do everything,
As early as possible ,
As we are not sure
How much time are going to get.

Permanence is only a dream,
Nothing is permanent here,
In this fragile world.
A disaster can come, At any time....

# വെള്ളയാം...

# ആകാശം...

# ചായമണിയിച്ചപ്പോൾ...


Adwaith
Std: VIII E



മഴവില്ല് തേടിയ പട്ടങ്ങൾ കണ്ടത്....





ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് ടി ആർ കെ ഹയർ സെക്കന്ററി സ്കൂൾ, വാണിയംകുളം





13
VINEETH











Sinan.





Goutham. A.P
6B





Adhithyan-c
8-D







മരം ഒരു വരമാണ്
അതിനെ വെട്ടി നശിപ്പിക്കരുത്.
മുഹമ്മദ്
അർഷാദ്.വി


മഴവില്ല് തേടിയ പട്ടങ്ങൾ കണ്ടത്....








ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് ടി ആർ കെ ഹയർ സെക്കന്ററി സ്കൂൾ, വാണിയംകുളം





# ആകാശം...

# കാണിച്ച...

# നൃലുകൾക്കുള്ളിൽ...

# മുറുക്കിച്ചുവന്ന ഓർമ്മകളുടെയിടം...



**പ**ത്തിൽ പഠിക്കുമ്പോഴാണ് ചാറ്റൽ മഴ ചിണുങ്ങി നിന്ന ഒരു ചിങ്ങ നാളിൽ മാലതിയേട്ത്തീടെ കല്യാണത്തിന് കൂടിയത് സദ്യയുണ്ടപ്പോൾ മുറുക്കാനൊരു മോഹം ....ചെറേമ്മടെ മകൻ അപ്പൂനെ കൂട്ടുവിളിച്ചു... വെറ്റിലയിൽ നൂറുതേച്ച് , റോജാ പാക്കും ചേർത്ത് ചവയ്ക്കവേ,തൊട്ടരികിൽ നിന്നൊരു ചോദ്യം..

"..... ഈ തത്തമ്മടെ ചുണ്ടെങ്ങന്യാ ചോന്നേന്ന് അറിയോ അപ്പൂന്ന്....... "

ഞങ്ങൾ ഒരുമിച്ചാണ് തല തിരിച്ച് നോക്കീത് .... ഗമയോടെ, വെറ്റിലയിൽ നൂറുതേക്കുന്ന വാര്യത്തെ പൊടിമീശക്കാരൻ ......

".... തത്തമ്മ ങ്ങനെ ചവച്ച്, ചവച്ച്, മുറുക്കീട്ടന്നേ......" പൊടിമീശക്ക് കീഴേ പടർന്ന ചിരിക്ക് വല്ലാത്ത, വല്ലാത്ത ചന്തം തോന്നി........ മിണ്ടാതെ ,ധൃതിയിൽ നടന്നകന്നു.

(തിരിഞ്ഞു നോക്കണെമെന്നുണ്ടായിരുന്നു .......)

വൈകീട്ട് ഇളം പച്ച പാവാടയും ജാക്കറ്റും മടക്കി വെക്കുമ്പോൾ അതിനോടൊരു പ്രത്യേക ഇഷ്ടം തോന്നീ കണ്ണാടിയിൽ മുറുക്കാന്റെ അവശേഷിക്കുന്ന ചോപ്പ് ചുണ്ടിൽ തിരഞ്ഞു പിന്നെ.... പിന്നെ.... രാത്രികൾ പൊടിമീശക്കാരൻ ലാളിക്കുന്ന തത്തമ്മയാവാൻ സ്വപ്നത്തിന്റെ ചന്തമുള്ള കൂടൊരുക്കിത്തന്നു....

ദാവണിക്കാലം. തിരുവാതിരക്ക് പെൺകുട്ട്യോള് നിർബന്ധമായും കണ്ണെഴുതണം, മുറുക്കണം ..... തറവാട്ടിലെ ചിട്ടയാണ്.... അമ്മയുടെ സ്നേഹനിർബന്ധവും... വടക്കോറത്ത്, ഉച്ചക്ക് മുറുക്കിയിരിക്കണ പെൺ സംഘം കാണാനായി തൊടിയിലെ പ്ലാവിൽ കെട്ടിയ ഊഞ്ഞാലിൽ കസർത്തു കാട്ടണ കൗമാര വീര്യം!

മുറച്ചെറുക്കൻമാരിൽ ഒരാളുടെ നോട്ടത്തിന് ഊഞ്ഞാലിനേക്കാൾ വേഗതയറിഞ്ഞപ്പോൾ മുറുക്കാൻ സമ്മാനിച്ച ചുണ്ടത്തെ ചോപ്പിന്

ഇരട്ടിയായി ശോണിമ .... ഊഞ്ഞാൽപ്പടീലിരിക്കവേ, പുറകിൽ നിന്നും മറ്റാരും കേൾക്കാതെ വൻ ചിരിച്ചു ചോദിച്ചു....
"..... ചോന്നീച്ചുണ്ടുകണ്ടാ യക്ഷ്യേപ്പോലേണ്ട്..... നിന്നെ ...... നീലിന്ന് വിളിക്ക്യട്ടേ.....?"
കൺമഷിക്കണ്ണിൽ നിന്നും പ്രണയമടർന്നു വീഴാൻ തുടങ്ങിയാ ദാവണിക്കാലത്ത് ......
പിന്നെത്രയോ കാലം കൊതിയോടെ മുടിയഴിച്ചിട്ട് നിലക്കണ്ണാടിക്ക് മുമ്പിൽ അവൻ പറഞ്ഞ യക്ഷിയെ തിരഞ്ഞു .... അടുത്ത നാളിലൊന്നിൽ വിവാഹ സദ്യക്ക് ശേഷം, നരകേറിയ തലമുടിയിൽ വെറ്റില തുടച്ച്, പാക്ക് കുട്ടി, മുറുക്കി നിൽക്കവേ ആകസ്മികമായി, തൊട്ടരികിലെ സുന്ദരിപ്പെണ്ണിനോട് മീശ ഒട്ടുമില്ലാത്ത ,ഒരുഹിന്ദി സിനിമാ താരത്തിന്റെ ഛായ തോന്നിപ്പിച്ച സുന്ദരൻ പയ്യന്റെ ചോദ്യം കേട്ട് ഞെട്ടി...
"... തത്തമ്മച്ചുണ്ടെന്തേ ഇത്ര ചോക്കാൻ ........"
കാറിലും .... പിന്നെ വീട്ടിലും സ്വകാര്യമായി ക്ലാവു പിടിച്ച ഓർമ്മകളെ തിരഞ്ഞെടുത്ത്, ശ്രദ്ധയോടെ തുടച്ച് തിളക്കമുള്ളതാക്കാൻ എനിക്കുത്സാഹിക്കാൻ ആ ഒറ്റ ചോദ്യം ധാരാളമായിരുന്നു .... കണ്ണാടിക്ക് മുന്നിൽ നിന്ന് വീണ്ടും ചുണ്ടത്തെ മുറുക്കാൻ ചുവപ്പിന്റെ ചന്തം , സ്വയം നുകരാനും.......

കെ പി ജയരാജ്മാഷ്



# സാമൂഹ്യപാഠം

**ആ**ശയ പ്രപഞ്ചം
ഹൈടെക്കിനു
വഴി മാറുമ്പോൾ
വാക്ധോരണികൾ
നിശ്ശബ്ദമാകുന്നു.
ക്ളാസ്സ് മുറികളിൽ
പ്രേമം പൂത്തുലഞ്ഞ്
തേപ്പാൽ പൊളിച്ചടുക്കുന്നു.
വികാരനിർഭരമായ
കണ്ണുകൾ കോഡുഭാഷയാൽ
കവിത രചിക്കുന്നു
ആഘോഷങ്ങൾക്കവസരമൊരുക്കാഞ്ഞാൽ
തെരുവീഥികളിൽ നിറങ്ങളാൽ
നിറഞ്ഞാടുമെന്ന താക്കീത്
നമുക്കേകി തിമർത്താടുന്നു.
ഓരോ ജന്മദിനവും
മുട്ടയെറിഞ്ഞും
തൈരഭിഷേകത്താലും
കൊഴുപ്പിക്കുന്നു
മാഫിയകൾ സിരകളിൽ
ലഹരി നിറയക്കുന്നോൾ
പേ പിടിച്ച ബാല മനസ്സുകളെ
തളയ്ക്കാനാവാതെ
അധ്യാപക വൃന്ദം
നോക്കുകുത്തികളാവുന്നു.





ഗിരിജാകുമാരി ടീച്ചർ

# തിരുവാതിര

**കു**ട്ടിക്കാലത്തിന്റെ കൗതുകങ്ങളിൽ
നേരിയ പേടിയുടെ ആവരണമുണ്ടായിരുന്നു
തിരുവാതിരക്ക് ചെണ്ടകൊട്ടിയെത്തിയ
ചോഴിക്ക്....



ധനുമാസ നിലാവിന്റെ വെൺമയ്ക്കും,
സുഖമുള്ള തണുപ്പിനുമൊപ്പം,
ഇരുളിൽ നിന്നും തുള്ളി വന്ന
ചപ്പിലച്ചോഴികളും, കാലനും,
മുത്തശ്ശിയും, കയറിപ്പോയത്
തിരിച്ചിറക്കമില്ലാത്ത ഓർമ്മകളുടെ
ചെറു കൂടുകളിലേക്കാണ്....

തട്ടിട്ട മുറിയുടെ വളയത്തിൽ
തൂങ്ങിക്കിടന്ന പഴക്കുലയിൽ നിന്നും,
ഇരിഞ്ഞെടുത്തത് തട്ടിപ്പറിച്ചും, കട്ടെടുത്തും,
തിന്നു തീർത്തത്,
വളരുമ്പോൾ
അലിഞ്ഞു പോകുമെന്നറിയാത്ത
സാഹോദര്യത്തിന്റെ മധുരമായിരുന്നു....

ചവിട്ടിക്കുഴച്ച മണ്ണിനെ കയ്യിൽ കോരി,
തിണ്ണയിൽ പൊത്തിപ്പിടിപ്പിച്ച്,
കൊട്ടോടി കൊണ്ടടിച്ചു
തേയ്ക്കുമ്പോൾ അറിഞ്ഞ
തണുപ്പിന്റെയും, ചെത്തത്തിന്റെയും
അരികിലുണ്ടായിരുന്നു തിരുവാതിര....

പറിച്ചെടുത്തതും പിഴിഞ്ഞെടുത്തതും
പൊടിച്ചെടുത്തതും തൊട്ട്....

കുറുകിയ കൂവപ്പായസമായി
നാവിലലിഞ്ഞു ചേർന്ന
നൻമയാർന്ന അമ്മയോർമ്മയുടെ
പേരായിരുന്നു തിരുവാതിര....

നിലാവിന്റെ നീലച്ചന്തത്തിനെ
മോടി കൂട്ടാൻ അദൃശ്യയായണഞ്ഞ്
എന്റെ രാവുകളിൽ പ്രണയം ജനിപ്പിച്ച
പാലപ്പൂഗന്ധത്തിന്റെ വല്ലാത്ത
ഭാവത്തിലുണ്ടായിരുന്നു തിരുവാതിര....

പാടം കടന്നു വന്ന പാവാടക്കൂട്ടത്തിൽ
കഴായ ചാടിക്കടക്കുമ്പോൾ
എന്നും പേടി കാട്ടിയിരുന്ന
അമ്പല സംഘത്തിലെ
ഒരാളുടെ വെള്ളി കൊലുസ്സിന്റെ
തിളക്കമായിരുന്നു
കൗമാരത്തിലെ തിരുവാതിര....

മൺ വഴികളിൽ മാമ്പൂക്കളിൽ
ആലിലയിളക്കങ്ങളിൽ
വയലോല ചൂടിയ മഞ്ഞുകണങ്ങളിൽ
ഗന്ധങ്ങളിൽ ശബ്ദങ്ങളിൽ
നിറയെ നിറയെയുണ്ടായിരുന്നൂ
പണ്ടു പണ്ടെന്റെ തിരുവാതിര....



കെ പി ജയരാജ്മാഷ്

# കാറ്റും kite ഉം....

**ചു**വന്ന പട്ടവും മഞ്ഞനൂലും ഒരു യാത്രയിൽ നിറമില്ലാത്ത കാറ്റിനെ കണ്ടുമുട്ടി. പിന്നീട് മൂന്നുപേരും കൂടിയായി യാത്ര. നൂലറിയാതെ പട്ടത്തെ പതിയെ തഴുകാൻ കാറ്റെപ്പോഴും ശ്രദ്ധിച്ചിരുന്നു. നിന്റെ ചുവപ്പ് എനിക്കും തരുമോ എന്ന് സ്വകാര്യമായി കാറ്റ് ചോദിച്ചു. അതെങ്ങനെ എന്ന് പട്ടം ആശ്ചര്യപ്പെട്ടപ്പോൾ ഇതും അറിയില്ലേ നിനക്കെന്ന് കാറ്റ് കളിയായി കണ്ണിറുക്കി. ഇനിയും മുകളിലേക്ക് പോകാനാവില്ലെന്ന് നൂൽ. തിരിച്ചുള്ള യാത്രയിൽ നൂലിനെ ഒരു പുഴ ഏറ്റെടുത്തു.

കാറ്റും പട്ടവും യാത്ര തുടർന്നു. ഇടക്ക് കാറ്റിനൊരു രൗദ്രഭാവം. മനോ, ഗാത്രങ്ങളിൽ മുറിവേറ്റ് പട്ടം കടലിൽ പതിച്ചു. അടിത്തട്ടിലേക്ക് പതിയെ ഒരു ചെറുമീനിനെപ്പോലെ.. !!

എന്താണവിടെ ഒരു മഞ്ഞരാശി?

നോക്കിയപ്പോൾ അതാ നൂലാണ്. പട്ടം പതിയെ നൂലിനോട് ചോദിച്ചു ,

നിലം പറ്റിയുള്ള ഒരു യാത്രക്ക് പോയാലോ?

പവിഴപ്പുറ്റുകൾ കാണാം.. നൂൽ ഒന്ന് ചിരിച്ചു... !!!

(വാൽകഷ്ണം : കഥാപാത്രങ്ങൾ ലിംഗസമത്വം ശക്തമായി ആവശ്യപ്പെട്ടതിനാൽ ആണേത് പെണ്ണേത് എന്ന് ആസ്വാദകർക്ക് തീരുമാനിക്കാം.. )



എൻ ദീപ ടീച്ചർ

# മുയൽ (ആമയുടെ കഥയിലെ .....)

**വാ**ർഷിക പതിപ്പിൽ വന്ന ആമയുടെ ഇന്റർവ്യു മുയൽ ആവർത്തിച്ചു വായിച്ചു. അവനതാവാം... ലേഖകർ അന്വേഷിച്ച് വരും...... സകലരും വായിക്കും നേടിയവനെന്ന് പറയും ! അവനെ നേടിയവനാക്കിയവൻ താനാണ് .....



*കഥയിൽ മുയൽ അഹങ്കാരിയാണ്...*
*ആമയെ കളിയാക്കി,*
*വഴിയിലുറങ്ങി, നാണംകെട്ടവൻ.*

കാട്ടിൽ നടന്ന കഥ നാടറിഞ്ഞത് എത്ര അബദ്ധമായാണ്. ആമ ജയിച്ച് ലോകം നിറഞ്ഞപ്പോൾ തോറ്റ മുയലിനെ ആരും തിരഞ്ഞില്ല... എന്തേ തോൽക്കാനെന്ന് തിരക്കിയില്ല...

മുയൽ, തന്റെ ദു:ഖം എങ്ങും പറഞ്ഞു നടന്നില്ല... സ്വന്തം മാളത്തിലൊതുങ്ങി. മനസ്സു തകർന്നവന് വാക്കുകൾ വരില്ല. വഞ്ചിക്കാൻ അറിയാത്തവന് കരഞ്ഞുകൊണ്ട് ചിരിക്കാൻ കഴിയില്ല ..... ഒറ്റപ്പെടൽ മുയലിന് ആനന്ദമായി മാറി... നിഷ്ക്രിയത്വം - പരമമായ ശാന്തതയും ഇന്ന് രണ്ട് വാക്കിൽ മുയൽ മനസ്സുതുറന്നു...

ആമയുടെ കഥ ആദ്യം കേട്ടയാൾ മുയലാണ്.... മത്സരത്തിനിടയിൽ ഇത്തിരിയോടി, ആദ്യമായി ആമക്കായി കാത്തു നിൽക്കവേ .....ആമ ഇഴഞ്ഞെത്തി,മുയലിനോട് തന്റെ വല്ലായ്മയുടേയും, ഇല്ലായ്മയുടേയും, കഥ പറഞ്ഞു...ആരാലും....പരിഗണിക്കപ്പെടാത്തത് അവഗണിക്കപ്പെടുന്നത്.... എല്ലാം മുയൽ സഹതാപത്തോടെ കേട്ടു ..... ... എങ്ങിനേയും തന്നെ ജയിപ്പിക്കണം. മത്സരം ജയിക്കുന്നവന്റേതാണ്, മുയൽ മാറി തന്നാൽ ആമക്കിത് ചരിത്രം!

ജയിച്ചാൽ നിന്റെ മഹാമനസ്സ് ഞാനുറക്കെ പറയാം... നിന്റെ ശ്രേഷ്ഠത കാട് എന്നുമോർക്കും... നീ, എന്നേക്കാൾ വലിയവനാകും ... ഇതെന്റെ ജീവിതത്തിലെ നിർണ്ണായക ഘട്ടമാണ് കൈവിടരുത്..... മറ്റാരും

കാണാതെ ആമ കരഞ്ഞു. മുയലിന് മനസ്സലിവ് തോന്നി.... എങ്ങിനെ ആമയെ ജയിപ്പിക്കും? വഴി ആമ തന്നെ പറഞ്ഞു കൊടുത്തു. നീ .... ഉറങ്ങിയ പോലെ കിടക്ക് ...... ബാക്കിയെല്ലാം ചരിത്രം...

ചതി കാട്ടിലും നാട്ടിലും ഒന്നു തന്നെ ..... ജയിച്ച ആമ വായ തുറന്നില്ല... തോറ്റവൻ എല്ലാവരാലും തമസ്കരിക്കപ്പെട്ടു. ആമയുടെ കഥയിൽ അച്ചടിമഷി പുരളാത്ത രണ്ടു വരിയുണ്ട്. ഇന്റർവ്യൂവിൽ ഇല്ലാത്തത്.... മുയലിനോട് പറഞ്ഞ, ആമ പിന്നീട് വെട്ടിമാറ്റിയ രണ്ടു വരികൾ .... അതിപ്രകാരമാണ് ..... വീട് സദാ എനിക്കൊപ്പമുണ്ട്... നീ എന്നെ ജയിക്കാൻ വിട്ടില്ലെങ്കിൽ, ഇവിടെ വെച്ച് ... ഇപ്പോൾ.... എന്റെ വീടിന്റെ ഉത്തരത്തിൽ കെട്ടിത്തൂങ്ങി ഞാൻ ആത്മഹത്യ ചെയ്യും! രഹസ്യം ആരോടും പറയില്ലെന്ന ഉറപ്പും വാങ്ങി പാവം മുയൽ ഏകാന്തവാസം തുടരാൻ , തെറ്റിദ്ധരിക്കപ്പെട്ടവനായി, കാട്ടിൽ എങ്ങോ മറഞ്ഞു .........

കെ പി ജയരാജ്മാഷ്

# തന്നിഷ്ടക്കാരൻ

**ബാല്യം**

**ഞാ**നെന്റെ വൃത്തത്തിന്
വലുപ്പം കൂട്ടുവാൻ നോക്കിയപ്പോൾ
പറഞ്ഞു കടലാസ്സിൽ ഒതുക്കണമെന്ന്...

**കൗമാരം**

സ്വപ്നങ്ങൾക്ക് ചിറകുനൽകിയപ്പോൾ
പറഞ്ഞു  നിനക്കായ് ഒരുക്കിയ കൂട്ടിൽ
വേണ്ടുവോളം പാറി പറന്നീടുവാൻ...

**യൗവനം**

ദൂരയാത്രക്ക് പോകുവാനൊരുങ്ങി
ഇറങ്ങിയപ്പോൾ ഒരു പിൻവിളി
ഇരുട്ടുന്നതിന് മുൻപ് തിരിച്ചെത്തണമെന്ന്...

**വാർദ്ധക്യം**

പുളിമാവ് വെട്ടി വീട്ടിൽ ദഹിപ്പിക്കണം
എന്നായിരുന്നു അ 'ദ്ദേഹ'ത്തിന്
ആരോ പറഞ്ഞു...ആംബുലൻസ് വന്നു
ശാന്തിതീരത്തേക്ക്...



അനൂപ്മാഷ്

# നിയമവിധേയം...



**പെ**യ്തിറങ്ങാത്ത മഴത്തുള്ളിക്കും
വിടരാത്ത പൊഴിഞ്ഞ പൂമൊട്ടിനും
ആകാശം കാണാത്ത പക്ഷികുഞ്ഞിനും
എതിരെ,
ആത്മഹത്യാശ്രമത്തിന് കേസ്സെടുത്തു.

കൊലപാതകമെന്ന ആരോപണം തള്ളി.
ആരോപണ വിധേയനായ മനുഷ്യന്,
നഷ്ടപരിഹാരത്തിന് വിധിയായി...
കാരണം,
ഭ്രൂണഹത്യ നിയമവിധേയമാണ്...

അനൂപ്മാഷ്

# അവനവന് ആചരിക്കുന്നവ അപരന് ......?

(ടി ആർ കെ പ്രിൻസിപ്പൽ, ശ്രീ രാജീവ് മാസ്റ്റർ സ്വന്തം ഗുരുനാഥന്റെ വിയോഗത്തിൽ ഫേസ്ബുക്കിൽ എഴുതിയ സമകാലീന പ്രസക്തി ഏറെയുള്ള പോസ്റ്റ്)

ഉണ്ണിക്കൃഷ്ണൻമാഷ് ഇന്നലെ ( ജനുവരി 2 )പോയി. ചലനമറ്റ് കിടക്കുന്നത് കണ്ടില്ല. (പൊതുവേ എനിയ്ക്കതിന് താൽപ്പര്യവുമില്ല). വൈകുന്നേരം അവിടെ എത്തിയപോഴേയ്ക്കും ചിത ആളിയമരാൻ തുടങ്ങിയിരുന്നു. വെളിച്ചമുയർന്ന് പൊലിയുന്നത് ഈറനായ മനസ്സോടെ നോക്കി നിന്നു. മനസ്സാ നമസ്കരിച്ചു.

അങ്ങനെ, വാർത്തകൾക്കിടയിൽ നിറഞ്ഞു നിൽക്കാതെ, പ്രകടനങ്ങളിൽ പങ്കെടുക്കാതെ , വെല്ലുവിളികളും ആക്രോശങ്ങളും മുഴക്കാതെ ആർക്കുമൊരു ദ്രോഹവും ചെയ്യാതെ മുന്നിലെത്തിയ കുട്ടികൾക്ക് അറിവിന്റെ തെളിച്ചമേകി ഇത്തിരി വട്ടത്തിൽ ഒതുങ്ങി നിന്ന് സ്വന്തം മണ്ണിൽ ചവുട്ടി നടന്ന് മാഷ് പൊലിഞ്ഞു പോയി. കാലത്തെ ഒന്ന് പുറകോട്ട് വലിയ്ക്കേണ്ടതുണ്ട്.

യു പി ക്ലാസ്സിൽ നിന്ന് ചെർപ്പുളശ്ശേരി ഹൈസ്കൂളിൽ എത്തിയ കാലം. "മിടുക്കൻ " എന്ന പരിവേഷമുണ്ട്. പക്ഷേ മറ്റെല്ലാ വിഷയങ്ങളും വഴങ്ങിത്തന്നപ്പോഴും കണക്ക് മാറി നിന്നു. എട്ടാം ക്ലാസ്സ് കഴിഞ്ഞ് 9 ൽ എത്തിയപ്പോഴും സ്ഥിതി അതു തന്നെ. കണക്കു പരീക്ഷയുടെ ഉത്തരക്കടലാസു തന്ന് പാഞ്ചാലിട്ടീച്ചർ അത്ഭുതത്തോടെ അമർഷത്തോടെ നോക്കി ... നിരാശനായി .. ഒടുവിൽ അമ്മ തന്നെ വഴി കണ്ടെത്തി. വത്സല ശിഷ്യൻ കൂടിയായ "ഉണ്ണിക്കൃഷ്ണനോട് " ചോദിയ്ക്കാം എന്നായി. മാഷന്ന് ചെർപ്പുളശ്ശേരി അയ്യപ്പൻകാവിനടുത്തുള്ള കെട്ടിടത്തിലാണ് ട്യൂഷൻ എടുത്തിരുന്നത്. നിറഞ്ഞു കവിഞ്ഞിരുന്ന ക്ലാസ്സുകൾ. അമ്മ അവിടെയെത്തി കാര്യം പറഞ്ഞു. അമ്മയോടുള്ള ഭയഭക്തി ബഹുമാനത്തിൽ മാഷക്ക് ഒഴിയാൻ പറ്റിയില്ല. "വീട്ടിലേയ്ക്ക് വിട്ടോളൂ. ഒഴിവുപോലെ ഞാൻ കുട്ടിയെ സഹായിയ്ക്കാം" എന്ന് സമ്മതിച്ചു. അങ്ങനെയാണ് ജീവിതത്തിൽ ആദ്യമായി ട്യൂഷന് ഗവ ആശുപത്രിയ്ക്ക് അരികിലൂടെയുള്ള വഴിയിലൂടെ ഒരു ഞായറാഴ്ച ഉച്ചയ്ക്ക് മാഷുടെ വീട്ടിൽ എത്തുന്നത്. "കമലാക്ഷി ടീച്ചറുടെ മകനെ " ഹൃദ്യമായി മാഷ് സ്വീകരിച്ചു.

കണക്ക് തുടങ്ങി. മറ്റു കണക്കുകൾ ഒന്നും പറയാതെ. എനിയ്ക്ക് നന്നേ ബോധിച്ചു. അതു വരെ തെളിയാതിരുന്ന ചില വഴികൾ തെളിഞ്ഞു കിട്ടി. അകത്തു കടക്കാനാവാതെ പൂട്ടിക്കിടന്നിരുന്ന വാതിലുകൾ തുറന്നു കിട്ടി. ഉത്തരങ്ങളുമായി അതിവേഗതയിൽ ഞാൻ പാഞ്ഞു. "സൂപ്പർഫാസ്റ്റാണല്ലോ " എന്ന് മാഷ് അഭിനന്ദിച്ചു. ആത്മവിശ്വാസം ഇരട്ടിയായി. ഫീസിന്റെ കാര്യം ചോദിയ്ക്കാൻ അമ്മ ചെന്നപ്പോൾ മാഷ് പഴയ കുട്ടിയായി തൊഴുതു നിന്നു ." രാജീവിനെ ഞാനൊന്നും പഠിപ്പിയ്ക്കുന്നില്ല " എന്ന് അവതു പറഞ്ഞു. അടുത്ത പരീക്ഷയുടെ ഉത്തരക്കടലാസ് അഭിമാനത്തോടെ ആവേശത്തോടെ ടീച്ചറിൽ നിന്നും വാങ്ങി. കണക്കിലേയ്ക്കുള്ള വഴികൾ തുടങ്ങിയത് അങ്ങനെ മാഷിൽ നിന്നു തന്നെ ... എന്റെ ജീവിതമാർഗ്ഗവും .

മാഷ് കണക്കു മാത്രമാണോ എന്നെ പഠിപ്പിച്ചത് ? ഗുരുഭക്തിയുടെ, വശ്യവാക്കിന്റെ, വിനയത്തിന്റെ പാഠങ്ങളും ആ കണക്കിൽ ഉണ്ടായിരുന്നു .

(ഒരർത്ഥത്തിൽ മികച്ച ഏതൊരധ്യാപകനും സ്വന്തം വിഷയം മാത്രമല്ല കുട്ടികളെ പഠിപ്പിയ്ക്കുന്നത്. ജീവിത വീക്ഷണങ്ങളുടെ ചില തെളിച്ചങ്ങൾ വിതറാതെ പുതിയ ചില വഴികൾ കാണിയ്ക്കാതെ എന്ത് അദ്ധ്യാപനം ... കേവലം subject experts അല്ല ആവശ്യം എന്ന് പലപ്പോഴും തോന്നാറുണ്ട്.
" ഉയിരിൻ കൊലക്കുടുക്കാക്കാവും കയറിനെ ഊഴിഞ്ഞാലാക്കിത്തീർക്കാൻ "കഴിയുമോ തന്റെ കുട്ടിയ്ക്ക് എന്നതു തന്നെയാണ് പ്രശ്നം. ടെക്നോളജി അധ്യാപകരെ പുറം തള്ളുമോ എന്ന ചോദ്യത്തിന് എനിയ്ക്കുള്ള ഉത്തരം ഇതുതന്നെ).

പഠനമെല്ലാം കഴിഞ്ഞ് പിന്നീട് പലപ്പോടുഴും അവിടെ പോയപ്പോഴും മാഷ് അദ്ധ്യാപനമെന്ന തന്റെ കർമ്മ കാണ്ഡം തുടരുക തന്നെയായിരുന്നു. "എനിയ്ക്ക് മറ്റൊരു പണിയും അറിയില്ല രാജീവ് " എന്ന വിശദീകരണവുമായി . കുട്ടികളുടെ നിർബന്ധം തന്നെയായിരുന്നു കാരണം. കാലം മാറിയിട്ടും "പഴഞ്ചൻ പാഠ്യ രീതികൾ "ഉപേക്ഷിച്ച് പുതിയ സമ്പ്രദായങ്ങൾ പുറമേ ഉദ്ഘോഷിയ്ക്കപ്പെടുമ്പോഴും ചുറ്റിലും നിറയെ കുട്ടികളുമായി ഉണ്ണിക്കൃഷ്ണൻ മാഷ് തന്റെ വഴിയിലൂടെത്തന്നെ അനിസ്യൂതം യാത്ര തുടർന്നു. മരണതീരമെത്തും വരേ..

"തപിച്ചു നീരാവിയായ് വിണ്ണിലേയ്ക്കുയരേണ്ട
തറയിലൊരു തരിമണ്ണിന്നു നനവേകാം "

എന്ന കവിവാക്യം അർത്ഥപൂർണ്ണമാക്കിക്കൊണ്ട്. ആ മഹാനുഭാവന് ഒരു ശിഷ്യന്റെ ആദരാഞ്ജലി.

<u>വാൽക്കഷ്ണം :-</u>

അച്ഛന്റെ പതിവ് ആണ്ടു ബലി ചെയ്യുന്ന സമയത്ത് കർമ്മി പറഞ്ഞു തന്നു ഏറ്റു പറയിപ്പിച്ച ഒരു വാക്യം മനസ്സിൽ വല്ലാതെ തങ്ങി നിന്നു . എല്ലാം കഴിഞ്ഞു പോന്നിട്ടും ..

" ഈ തലമുറയിലോ മുൻ തലമുറകളിലോ ഞാനോ എന്റെ പൂർവ്വികരോ അറിഞ്ഞോ അറിയാതെയോ ബന്ധുമിത്രാദികളോടോ ബാലികാ ബാലൻമാരോടോ ഭൃത്യരോടോ ജന്തു പക്ഷിമൃഗാദികളോടോ വൃക്ഷസസ്യലതാദികളോടോ പർവ്വതങ്ങളോടോ തടാകങ്ങളോടോ അരുവികളോടോ അറിഞ്ഞോ അറിയാതെയോ ചെയ്ത എല്ലാ തെറ്റുകൾക്കും മാപ്പപേക്ഷിയ്ക്കുന്നു ".

" അവനിവനെന്നറിയുന്ന തൊക്കെയോർത്താൽ
അവനിയിലാദിമമായൊരാത്മരൂപം .
അവനവനാത്മസുഖത്തിനാചരിയ്ക്കു
ന്നവയപരന്നു സുഖത്തിനായ് വരേണം"

എന്ന ഗുരുവാക്യം തന്നെ . ഏതൊരു ഭരണാധികാരിയും അധ്യാപകനും രാഷ്ട്രീയ പ്രവർത്തകനും ഉരുവിട്ട് സ്വായത്തമാക്കേണ്ട ചിന്താധാരകൾ .
പോർവിളികളും ധാർഷ്ട്യ ഭാവങ്ങളും അഹങ്കാരവുമെല്ലാം വെടിഞ്ഞ് അപരനെ മനസ്സിലാക്കാൻ കഴിഞ്ഞാൽ ഒരാളുടെ ജീവിതം ധന്യമായി .
നമ്മുടെ സമൂഹം കുറേക്കൂടി സർഗ്ഗാത്മകമായെങ്കിൽ എന്ന് ആശിച്ചു പോകുന്നു .

രാജീവ് മാസ്റ്റർ